# ആരോഗ്യ കേരളം

JUNE 2023

follow us on /arogyakeralam https://arogyakeralam.gov.in


## നാടിന്റെ ആരോഗ്യം ജനകീയാരോഗ്യ കേന്ദ്രങ്ങളിലൂടെ

# ജനകീയാരോഗ്യ കേന്ദ്രങ്ങൾ മുഖ്യമന്ത്രി നാടിന് സമർപ്പിച്ചു



പിരപ്പൻകോട് ജനകീയ ആരോഗ്യകേന്ദ്രം മുഖ്യമന്ത്രി പിണറായി വിജയൻ നാട മുറിച്ച് ഉദ്ഘാടനം ചെയ്യുന്നു. മന്ത്രിമാരായ വീണാ ജോർജ്, ജി ആർ അനിൽ എന്നിവർ സമീപം

**തിരുവനന്തപുരം:** സംസ്ഥാനത്തെ 5049 ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രഖ്യാപനവും 140 നിയോജക മണ്ഡലങ്ങളിലെ മാതൃകാ ജനകീയ ആരോഗ്യകേന്ദ്രങ്ങളുടെ ഉദ്ഘാടനവും പിരപ്പൻകോട് ജനകീയ ആരോഗ്യകേന്ദ്രത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു. കേരളത്തിലെ പൊതുജനാരോഗ്യ മേഖലയ്ക്കാകെ വലിയ ഉണർവ് പകരുന്നതാണ് ജനകീയാരോഗ്യ കേന്ദ്രങ്ങളെന്ന് മുഖ്യമന്ത്രി പറഞ്ഞു. 5,409 ജനകീയാരോഗ്യ കേന്ദ്രങ്ങൾ ആരോഗ്യ മേഖലയെ കൂടുതൽ ഉയർന്ന തലങ്ങളിലേക്കെത്തിക്കാൻ സഹായിക്കും. സമഗ്രമായ പ്രാഥമികാരോഗ്യ പരിരക്ഷ താഴെത്തട്ടിൽ വരെ എത്തിക്കുക എന്നതാണ് ജനകീയ ആരോഗ്യകേന്ദ്രങ്ങൾ ലക്ഷ്യമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ജനകീയാരോഗ്യ കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളാണ് ഒരുക്കുന്നത്. ആഴ്ചയിൽ ആറു ദിവസവും ഒമ്പതു മണി മുതൽ നാലു മണിവരെ സേവനം ലഭിക്കും. ആശാപ്രവർത്തകർക്കു പുറമെ മിഡ്‌ലെവൽ സർവീസ് പ്രൊവൈഡർമാർ കൂടി വരുന്നതോടെ കൂടുതൽ സേവനങ്ങൾ ഉപകേന്ദ്രങ്ങൾ വഴി നൽകാൻ സാധിക്കും. സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതോടൊപ്പം തന്നെ ഉപകേന്ദ്രങ്ങൾ സ്മാർട്ടായി മാറുകയാണ്. വൈകാതെതന്നെ ടെലിമെഡിസിൻ കേന്ദ്രങ്ങളും ഇവിടങ്ങളിൽ ഒരുങ്ങും. ജനകീയാരോഗ്യ കേന്ദ്രങ്ങളിൽ ഒമ്പതുതരം ലാബ് പരിശോധനകളും 36 തരം മരുന്നുകളും ലഭ്യമാണ്. കേരളത്തിലെ ആരോഗ്യമേഖലയുമായുള്ള ജനങ്ങളുടെ അടിസ്ഥാനതല ബന്ധം നിലനിർത്തുന്ന സ്ഥാപനങ്ങളായിജനകീയാരോഗ്യകേന്ദ്രങ്ങൾ മാറും. ജനകീയാരോഗ്യ കേന്ദ്രങ്ങളോടനുബന്ധിച്ച് ആരോഗ്യ ക്ലബ്ബുകൾ രൂപീകരിക്കുകയാണ്. ജീവിതശൈലീ രോഗ നിയന്ത്രണവും വ്യായാമത്തിന്റെ പ്രാധാന്യവും ജനങ്ങളിലേക്കെത്തിക്കുകയാണ് ഇത്തരം ക്ലബുകളിലൂടെ.

ആർദ്രം മിഷന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായ വാർഷിക പരിശോധന, മറ്റ് ക്യാമ്പയിനുകൾ, രോഗനിർമ്മാർജന പ്രവർത്തനങ്ങൾ എന്നിവ ജനകീയാരോഗ്യ കേന്ദ്രങ്ങളിലൂടെയാവും താഴെത്തട്ടിൽ നടപ്പിലാക്കുക. ജനകീയാരോഗ്യ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുന്നതിനായി സബ്സെന്റർ വെൽഫെയർ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കേരളത്തിൽ ആവിഷ്ക്കരിക്കുന്ന ഏതൊരു പദ്ധതിയുടെയും വിജയം അതിന് പിന്തുണയേകുന്ന ജനകീയ കൂട്ടായ്മകളാണ്. സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ ഉന്നമനത്തിനായി രൂപീകരിക്കപ്പെട്ട കമ്മിറ്റികൾ അതേ സമീപനം മുൻനിർത്തി തയ്യാറാക്കിയവയാണ്.

ആർദ്രം മിഷൻ രൂപീകരിച്ചതിന്റെ ഭാഗമായി സംസ്ഥാനത്തെ ആരോഗ്യ മേഖല വലിയ തോതിലാണ് കരുത്താർജിച്ചത്. മെഡിക്കൽ കോളേജുകൾ മുതൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വരെയുള്ള ശൃംഖലയുടെ ഓരോ കണ്ണിയെയും സവിശേഷമായാണ് പരിഗണിച്ചത്. 886 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്താനുള്ള പദ്ധതി ആവിഷ്ക്കരിച്ചു. അതിൽ 630 എണ്ണം കഴിഞ്ഞ മാസത്തോടെ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്നവയും വൈകാതെ തന്നെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറും. അതോടൊപ്പം താലൂക്ക്, ജില്ലാ ആശുപത്രികളിൽ വരെ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കി. മെഡിക്കൽ കോളേജുകൾക്കു വേണ്ടിയാകട്ടെ പ്രത്യേക വികസന പാക്കേജുകൾ നടപ്പാക്കുന്നുണ്ട്. അവയവമാറ്റ ശസ്ത്രക്രിയ സാധാരണക്കാർക്ക് പ്രാപ്യമാക്കാനുള്ള നടപടികളുമെടുത്തു. മെഡിക്കൽകോളേജുകളിൽ അതിനനുസരിച്ച് മാറുന്ന കാഴ്ചയാണ് കാണാൻ കഴിഞ്ഞത്.

ജീവിതശൈലീ രോഗങ്ങൾ മറ്റു പല അപകടകരമായ രോഗങ്ങളിലേക്ക് നയിക്കുന്ന ഘടകങ്ങളാണ്. സമൂഹത്തിലെ രോഗാതുരത വർദ്ധിപ്പിക്കുന്നതിൽ ജീവിതശൈലീ രോഗങ്ങൾക്ക് വലിയ പങ്കുണ്ട്. ഇതിനായി ജീവിതശൈലീരോഗ നിയന്ത്രണത്തിനായി പ്രത്യേക പരിശോധനാ പദ്ധതി നടപ്പാക്കി വരുന്നു. സർക്കാർ മേഖലയിലെ ലാബുകളെ ഹബ്ബ് ആൻഡ് സ്പോക്ക് മാതൃകയിൽ ബന്ധപ്പെടുത്തുന്നതു വഴി ആധുനിക പരിശോധനാ സംവിധാനങ്ങളും ഗുണനിലവാരവും ഉറപ്പാക്കുകയാണ്. അതിന്റെ ഫലം നല്ല രീതിയിൽ കാണാൻ കഴിയുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

നവകേരളം കർമ്മ പദ്ധതി രണ്ട് ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാനത്തെ ആരോഗ്യ മേഖലയിലെ പ്രധാനപ്പെട്ട പ്രവർത്തനത്തിനാണ് തുടക്കമാകുന്നതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. വാർഡുകളിലെ ആരോഗ്യ കേന്ദ്രങ്ങളെ ശാക്തീകരിക്കുകയാണ് ലക്ഷ്യം. എല്ലാ പൊതുജനാരോഗ്യ പ്രവർത്തനങ്ങളും അവിടെ നിന്നും നേതൃത്വം നൽകുന്ന ഒരു സാഹചര്യമുണ്ടാകണം. അതോടൊപ്പം രോഗ പ്രതിരോധത്തിനും വലിയ പ്രാധാന്യം നൽകുന്നു. ജനകീയ പങ്കാളിത്തത്തോടെ ജനങ്ങളുടെ ആരോഗ്യം ഉറപ്പാക്കുന്നു. ജനകീയ ആരോഗ്യകേന്ദ്രത്തിലൂടെ വിവിധ പരിശോധനകൾ നടത്താനാകും. ഗർഭിണികൾ, ജീവിതശൈലീ രോഗങ്ങളുള്ളവർ എന്നിവർക്ക് ആരോഗ്യ അറിവുകൾ ലഭ്യമാക്കുന്നു. കേരളത്തിന്റെ പൊതുജനാരോഗ്യ രംഗത്ത് ഒരു വിപ്ലവം സൃഷ്ടിക്കുന്നതിന് ജനകീയാരോഗ്യ കേന്ദ്രങ്ങളിലൂടെ കഴിയും.

ആരോഗ്യവും ശിശുവികസനവും വകുപ്പ് മന്ത്രി വീണാ ജോർജ് അധ്യക്ഷയായി. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ. അനിൽ വിശിഷ്ടാതിഥിയായി. എം എൽ എമാരായ ഡി കെ മുരളി, കെ അൻസലൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി സുരേഷ് കുമാർ, ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. കെ ജെ റീന, എൻ എച്ച് എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ കെ ജീവൻ ബാബു, ആസൂത്രണ സമിതി അംഗം ഡോ. ജമീല, മാണിക്കൽ പഞ്ചായത്ത് പ്രസിഡന്റ് കുതിരകുളം ജയൻ, ഐഎസ്എം ഡയറക്ടർ ഡോക്ടർ ഡോ. കെഎസ് പ്രിയ, ഹോമിയോപതി ഡയറക്ടർ ഡോ. എം എൻ വിജയാംബിക, ജില്ലാ പഞ്ചായത്ത് മെമ്പർ ഷില കുമാരി, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ടി നന്ദു, വാർഡ് മെമ്പർ ഡി ലതിക, എന്നിവർ പങ്കെടുത്തു.

> **വാർഡുകളിലെ ആരോഗ്യ കേന്ദ്രങ്ങളെ ശാക്തീകരിക്കുകയാണ് ലക്ഷ്യം. എല്ലാ പൊതുജനാരോഗ്യ പ്രവർത്തനങ്ങളും അവിടെ നിന്നും നേതൃത്വം നൽകുന്ന സാഹചര്യമുണ്ടാകണം**

## ആരോഗ്യപ്രവർത്തകരെ അപായപ്പെടുത്താൻ ശ്രമിക്കുന്നവർക്കെതിരെ കർശന നടപടി: മുഖ്യമന്ത്രി

**തിരുവനന്തപുരം:** ആരോഗ്യപ്രവർത്തകരെ അപായപ്പെടുത്താൻ ശ്രമിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സർക്കാരിന്റെ ഭാഗത്തുനിന്ന് യാതൊരു വിട്ടുവീഴ്ചയും ഇക്കാര്യത്തിൽ ഉണ്ടാകില്ല. ആരോഗ്യപ്രവർത്തകരെ ആക്രമിക്കുന്നത് ഒരു തരത്തിലും അംഗീകരിക്കാനാവില്ല. ആരോഗ്യപ്രവർത്തകരെ ഏതെങ്കിലും തരത്തിൽ അപായപ്പെടുത്താൻ ശ്രമിക്കുന്നവർക്കെതിരെ കർശനമായി തന്നെ നേരിടാനാണ് തീരുമാനിച്ചിരിക്കുന്നത്. സർക്കാരിന്റെ ഭാഗത്തുനിന്ന് ഒരുതരത്തിലുള്ള വിട്ടുവീഴ്ചയും ഇക്കാര്യത്തിൽ ഉണ്ടാകില്ല. ആരോഗ്യപ്രവർത്തകരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള ഓർഡിനൻസ് സംസ്ഥാന മന്ത്രിസഭ അംഗീകരിച്ചിട്ടുണ്ട്. ആരോഗ്യപ്രവർത്തകരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനാവശ്യമായ വകുപ്പുകളോടെയാണ് ഓഡിനൻസ് അംഗീകരിച്ചിട്ടുള്ളത്.

കേരളത്തിന്റെ മനഃസാക്ഷിയെ ഞെട്ടിച്ച സംഭവമാണ് വന്ദനയുടെ മരണം. കർമ്മനിരതയായ ഒരു ആരോഗ്യപ്രവർത്തക ആക്രമിക്കപ്പെട്ടതും അവർക്ക് ജീവഹാനി സംഭവിച്ചതും ഞെട്ടലോടെയാണ് നമ്മൾ കേട്ടത്. ഡോക്ടർ വന്ദനാ ദാസിന്റെ ഓർമ്മകൾക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. നമ്മുടെ നാടിനെക്കുറിച്ചു നല്ലത് മാത്രമേ മറ്റെല്ലാവർക്കും പറയാനുള്ളൂ. അത്തരമൊരു നാടിന്റെ തെറ്റായ ചിത്രം പുറം ലോകവുമായി പങ്കുവെക്കുന്നതിനാണ് ഇത്തരം സംഭവം ഇടയാക്കിയതെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.





ഇടമലക്കുടി കുടുംബാരോഗ്യ കേന്ദ്രം ഉദ്ഘാടനം ചെയ്യാനെത്തിയ ആരോഗ്യമന്ത്രി വീണാ ജോർജ് ഊരുനിവാസികൾക്കൊപ്പം

# ഇത് സ്വപ്നസാക്ഷാത്കാരം

## ഇടമലക്കുടി കുടുംബാരോഗ്യ കേന്ദ്രം യാഥാർത്ഥ്യമായി



ആരോഗ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ച ഇടമലക്കുടി കുടുംബാരോഗ്യ കേന്ദ്രം

**ഇടുക്കി:** കേരളത്തിലെ ഏക പട്ടിക ഗോത്രവർഗ്ഗ പഞ്ചായത്തായ ഇടമലക്കുടിയിൽ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ഉദ്ഘാടനം ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിച്ചു. സർക്കാരിന്റെ നൂറ് ദിന കർമ്മ പരിപാടിയിലുൾപ്പെടുത്തിയാണ് കുടുംബാരോഗ്യ കേന്ദ്രം യാഥാർഥ്യമാക്കിയത്. ഇടമലക്കുടി പാക്കേജ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പട്ടിക ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ആരോഗ്യപരിപാലനത്തിനും, ഇടമലക്കുടി പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ ഉൾപ്പെടെയുള്ള സമഗ്ര വികസനത്തിനും വേണ്ടിയുള്ള നിരവധി പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്.

1.25 കോടി രൂപ ചെലവഴിച്ച് കെട്ടിടം ഉൾപ്പെടെയുള്ള ആധുനിക സജ്ജീകരണങ്ങളൊരുക്കിയാണ് ഇടമലക്കുടി കുടുംബാരോഗ്യ കേന്ദ്രം യാഥാർത്ഥ്യമാക്കിയിരിക്കുന്നത്. ഇടമലക്കുടി ആശുപത്രിയിൽ എട്ട് സ്ഥിരം തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ഇടമലക്കുടിയിൽ മൂന്ന് സ്ഥിരം ഡോക്ടർമാർ, ഫാർമസിസ്റ്റ്, ഹോസ്പിറ്റൽ അറ്റന്റഡർ, നഴ്സിംഗ് അസിസ്റ്റന്റ്, ഓഫീസ് ക്ലർക്ക് എന്നിവരെ നിയമിച്ചു. ലാബ് ടെക്നീഷ്യനെ ഉടൻ നിയമിക്കും. കൂടാതെ നാല് താത്ക്കാലിക സ്റ്റാഫ് നഴ്സുമാരേയും നിയമിച്ചിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുമ്പോൾ ചികിത്സയോടൊപ്പം രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, കുട്ടികളുടെ കുത്തിവെയ്പ്പ് എന്നിവയും ലഭ്യമാകും. ഒപി വിഭാഗം, മൈനർ ഓപ്പറേഷൻ തീയറ്റർ, ഫാർമസി, ഡോക്ടേഴ്സ് റൂം, കാത്തിരിപ്പ് കേന്ദ്രം, ഓഫീസ് മുറി, ശുചിമുറി തുടങ്ങി എല്ലാവിധ സൗകര്യങ്ങളും കുടുംബാരോഗ്യ കേന്ദ്രത്തിൽ ഒരുക്കിയിട്ടുണ്ട്. ഒരു മാസത്തിനുള്ളിൽ ആരോഗ്യ കേന്ദ്രത്തിൽ ലാബ് പരിശോധനാ സംവിധാനവും സജ്ജമാകും. അത്യാവശ്യ ഘട്ടങ്ങളിൽ രോഗികളെ ചികിത്സയ്ക്കായി മൂന്നാറിൽ എത്തിക്കുന്നതിനായി ഫോർ വീൽ ഡ്രൈവുള്ള ജീപ്പും ജീവനക്കാർക്ക് ഇടമലക്കുടിയിൽ താമസിക്കുന്നതിനായി ക്വാർട്ടേഴ്സ് സംവിധാനവും ഒരുക്കിയിട്ടുണ്ട്.

ഇടമലക്കുടി നിവാസികളുടെ യാത്രാ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി 18.5 കോടിയോളം രൂപ ചെലവഴിച്ചുള്ള റോഡിന്റെ നിർമ്മാണവും ആരംഭിക്കുകയാണ്. അവിടേക്ക് ബിഎസ് എൻ എൽ കണക്ടിവിറ്റി ഉണ്ടാകുന്നതിനായി സംസ്ഥാന സർക്കാർ പ്രത്യേകമായി പണം അനുവദിച്ചുകൊണ്ട് കേബിൾ ഇടുന്നത് അന്തിമഘട്ടത്തിലാണ്.

# 'സെർവി സ്കാൻ' കാൻസർ ചികിത്സാ രംഗത്തെ ആർസിസിയുടെ മികച്ച സംഭാവന: മന്ത്രി വീണാ ജോർജ്

## സംസ്ഥാനത്തെ കാൻസർ ചികിത്സ ആധുനിക തലങ്ങളിലേക്ക്




ആർ സി സിയിൽ ആരംഭിച്ച വിവിധ പദ്ധതികളുടെ ഉദ്ഘാടനം ആരോഗ്യമന്ത്രി വീണാ ജോർജ് നിർവഹിക്കുന്നു

**തിരുവനന്തപുരം:** 'സെർവി സ്കാൻ' കാൻസർ ചികിത്സാ രംഗത്തെ ആർസിസിയുടെ മികച്ച സംഭാവനയെന്ന് ആരോഗ്യവും വനിതാ ശിശുവികസനവും വകുപ്പ് വകുപ്പ് മന്ത്രി വീണാ ജോർജ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ച് ഗർഭാശയഗള കാൻസർ പ്രാരംഭ ദശയിൽത്തന്നെ നിർണയിക്കുന്ന ഓട്ടോമാറ്റിക് ഹൈസ്പീഡ് മെഷീനാണ് സെർവി സ്കാൻ. കാൻസർ ചികിത്സാ രംഗത്ത് രാജ്യത്തിന്റെ നെടുംതൂണാണ് റീജിയണൽ കാൻസർ സെന്റർ. കാൻസർ രോഗത്തിന് മുമ്പിൽ നിസഹായതയോടും ആശങ്കയോടും വേദനയോടും വരുന്നവർക്ക് മികച്ച ചികിത്സാ സേവനങ്ങൾ കരുതലോടെ നൽകുക എന്ന ലക്ഷ്യത്തോടെയാണ് ആർസിസി പ്രവർത്തിച്ച് മുന്നേറുന്നതെന്നും മന്ത്രി വ്യക്തമാക്കി. ആർസിസിയിലെ ഓട്ടോമേറ്റഡ് സെർവി സ്കാൻ, യൂറോ -ബ്രാക്കി തെറാപ്പി യൂണിറ്റ്, ഗാലിയം ജനറേറ്റർ ആന്റ് ലൂട്ടീഷ്യം ചികിത്സ എന്നിവയുടെ ഉദ്ഘാടനവും പേഷ്യന്റ് വെൽഫെയർ ആന്റ് സർവീസ് ബ്ലോക്കിന്റെ നിർമ്മാണ ഉദ്ഘാടനവും നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

സംസ്ഥാനത്തെ കാൻസർ ചികിത്സ ആധുനിക തലങ്ങളിലേക്ക് പ്രവേശിക്കുകയാണ്. കാൻസർ ചികിത്സാ രംഗത്ത് വലിയ വികസന പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. ആർസിസിയിലേയും എംസിസിയിലേയും ഡിജിറ്റൽ പത്തോളജിയെ മികവിന്റെ കേന്ദ്രങ്ങളാക്കി. റോബോട്ടിക് സർജറി സംവിധാനം യാഥാർത്ഥ്യമാക്കാനുള്ള ശ്രമത്തിലാണ്. കാൻസർ രംഗത്തെ ഗവേഷണങ്ങൾക്കും സർക്കാർ പ്രാധാന്യം നൽകുന്നു. കാൻസർ ചികിത്സയ്ക്കും പ്രതിരോധത്തിനും സംസ്ഥാന സർക്കാർ കാൻസർ സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ രൂപീകരിച്ചിട്ടുണ്ട്. കാൻസർ പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടെത്തി ചികിത്സിക്കാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

നവകേരളം കർമ്മ പദ്ധതി രണ്ട്, ആർദ്രം മിഷനിലെ 10 പദ്ധതികളിൽ പ്രധാനമായ ഒന്ന് കാൻസർ ചികിത്സയും പ്രതിരോധവുമായി ബന്ധപ്പെട്ടതാണ്. കാൻസർ രജിസ്ട്രി സംവിധാനം ആരംഭിച്ചു. വാർഡ് തലത്തിൽ 30 വയസിന് മുകളിലുള്ളവരെ വീട്ടിലെത്തി വാർഷിക ആരോഗ്യ പരിശോധനയ്ക്ക് വിധേയരാക്കി വരുന്നു. രോഗമുള്ളവർക്ക് ആവശ്യമായ ചികിത്സ ഉറപ്പ് വരുത്തുന്നു. 1.16 കോടി പേരെ സ്ക്രീൻ ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. അവരിൽ 7 ലക്ഷത്തിലധികം വ്യക്തികൾക്ക് കാൻസർ സാധ്യത കണ്ടെത്തിയിട്ടുണ്ട്. ഏറ്റവും കൂടുതൽ സ്തനാർബുദമാണ് സംശയിക്കുന്നത്. ഗർഭാശയഗള കാൻസറും സാധ്യതയും കൂടുതലാണ്. രോഗം കണ്ടെത്തുന്നവർക്ക് പരിശോധനയും ചികിത്സയും ഉറപ്പാക്കുന്നു. 14 ജില്ലകളിലും കാൻസർ ഗ്രിഡ് സംവിധാനം ആരംഭിച്ചിട്ടുണ്ട്. കാൻസർ കെയർ പോളിസി നടപ്പിലാക്കി. ഇതിലൂടെ കാൻസർ പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടെത്തി ചികിത്സ ഉറപ്പാക്കാനാകും.

മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ യോഗം ചേർന്ന് ഗർഭാശയഗള കാൻസർ പ്രതിരോധത്തിനായി വാക്സിനേഷൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. വയനാട്, ആലപ്പുഴ ജില്ലകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. രോഗങ്ങൾക്ക് മുമ്പിൽ നിസഹായരാകുന്നവരാണ് പലരും. പണമില്ലാത്തതിന്റെ പേരിൽ ആർക്കും ചികിത്സ മുടങ്ങരുത്. ആർസിസിയിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

കടകംപള്ളി സുരേന്ദ്രൻ എം എൽ എ അധ്യക്ഷത വഹിച്ച ചടങ്ങിൽ മുൻ എം.പി. സി.പി. നാരായണൻ, ആർസിസി ഡയറക്ടർ ഡോ. രേഖ എ നായർ, ഗ്രാമ വികസന വകുപ്പ് കമ്മീഷണർ എം.ജി. രാജമാണിക്യം, കൗൺസിലർ ഡി.ആർ. അനിൽ, ജില്ലാ പ്ലാനിംഗ് ഓഫീസർ വി. എസ്. ബിജു, ആർസിസി അഡീഷണൽ ഡയറക്ടർ ഡോ. എ. സജീദ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# ന്യൂറോ കാത്ത് ലാബ് ഉൾപ്പെട്ട സമഗ്ര സ്ട്രോക്ക് യൂണിറ്റ് ചരിത്ര നേട്ടം: മന്ത്രി വീണാ ജോർജ്

## മെഡിക്കൽ കോളേജിൽ 34.70 കോടിയുടെ ഐസൊലേഷൻ ബ്ലോക്ക് സ്ഥാപിക്കും

**തിരുവനന്തപുരം:** തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സജ്ജമാക്കിയ ന്യൂറോളജി വിഭാഗത്തിന് കീഴിലുള്ള ന്യൂറോ കാത്ത് ലാബ് ഉൾപ്പെട്ട സമഗ്ര സ്ട്രോക്ക് യൂണിറ്റ് ചരിത്ര നേട്ടമാണെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. തിരുവനന്തപുരം മെഡിക്കൽ കോളേജിനെ സംബന്ധിച്ചും ആരോഗ്യ മേഖലയെ സംബന്ധിച്ചും വളരെ അഭിമാനമുള്ള സന്ദർഭമാണിത്. കൂടാതെ മെഡിക്കൽ കോളേജിൽ ആദ്യമായി ലിനാക്, ഇന്റർവെൻഷണൽ പൾമണോളജി യൂണിറ്റ്, ബേൺസ്ഐസിയു എന്നിവയും യാഥാർത്ഥ്യമായി. ഇതിന് പിന്നിൽ വലിയ കഠിനാധ്വാനവും സമർപ്പണവും ലക്ഷ്യബോധവുമുണ്ട്. നല്ലൊരു മാതൃകയാണിത്. ഇതിന് പിന്നിൽ പ്രവർത്തിച്ച എല്ലാവരേയും മന്ത്രി അഭിനന്ദിച്ചു. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി 52.6 കോടി രൂപയുടെ വിവിധ പദ്ധതികളുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ദിവസങ്ങൾക്കുള്ളിൽ സംസ്ഥാനത്തെ ആദ്യ ജെനിറ്റിക് വിഭാഗം ആരംഭിക്കും. പുതിയ ലാബുകൾ ഉൾപ്പെടെ അധിക സംവിധാനങ്ങൾ ഒരുക്കും. ചികിത്സാ രംഗത്തും ഗവേഷണ രംഗത്തും ഇത് വഴിത്തിരിവാകും. എസ്.എ.ടിയെ അപൂർവ രോഗങ്ങളുടെ സെന്റർ ഓഫ് എക്സലൻസായി കേന്ദ്രം തെരഞ്ഞെടുത്തിരുന്നു. രാജ്യത്തെ 10 ആശുപത്രികളുടെ കൂട്ടത്തിലാണ് എസ്.എ.ടി. ഉൾപ്പെട്ടിട്ടുള്ളത്.



ന്യൂറോ കാത്ത് ലാബ് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് സന്ദർശിക്കുന്നു

ന്യൂറോളജി വിഭാഗത്തിന് കീഴിലാണ് പക്ഷാഘാത ചികിത്സയ്ക്ക് അത്യാധുനിക സംവിധാനത്തോടുള്ള സമഗ്ര സ്ട്രോക്ക് യൂണിറ്റ് 14.03 കോടി രൂപ ചെലവഴിച്ച് പ്രവർത്ത സജ്ജമാക്കിയത്. സർക്കാർ തലത്തിൽ ആദ്യത്തേതാണ് സി.ടി. ആൻജിയോഗ്രാം കാത്ത് ലാബ് ഉൾപ്പടെയുള്ള സമഗ്ര സ്ട്രോക്ക് യൂണിറ്റ്. ഇതോടൊപ്പം സ്ട്രോക്ക് ഐസിയുവും സജ്ജമാക്കി.

കാൻസർ ചികിത്സയ്ക്കുപയോഗിക്കുന്ന ആധുനിക സംവിധാനമായ ലിനാക് 18 കോടി രൂപ ചെലവിലാണ് സജ്ജമാക്കിയത്. പൊള്ളലേറ്റവർക്കുള്ള അത്യാധുനിക ചികിത്സയ്ക്കായാണ് 3.465 കോടി രൂപ ചെലവിൽ പ്ലാസ്റ്റിക് സർജറി വിഭാഗത്തിന് കീഴിൽ 9 കിടക്കകളുള്ള ബേൺസ് ഐസിയു സജ്ജമാക്കിയിരിക്കുന്നത്. പൾമണറി മെഡിസിൻ വിഭാഗത്തിന് കീഴിലാണ് 1.10 കോടി രൂപ ചെലവിൽ എന്റോബ്രോങ്കിയൽ അൾട്രാസൗണ്ട് (ഇ.ബി.യു.എസ്) സംവിധാനം സജ്ജമാക്കിയത്. മാസ്റ്റർ പ്ലാനിന്റെ ഭാഗമായി 16 കോടി ചെലവഴിച്ച് പാരാമെഡിക്കൽ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി 6 നിലകളുള്ള 43,800 ചതുരശ്രയടി വിസ്തീർണമുള്ള കെട്ടിടമാണ് നിർമ്മിക്കുന്നത്.

മെഡിക്കൽ കോളേജിൽ ആവിഷ്ക്കരിച്ച് വിജയകരമായി നടപ്പിലാക്കിയ ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷ്യേറ്റീവ് മറ്റ് മെഡിക്കൽ കോളേജുകൾക്കും മാതൃകയാകുകയാണ്. ഇതിലൂടെ അത്യാഹിത വിഭാഗത്തിലെത്തുന്ന രോഗികൾക്ക് എത്രയും വേഗം വിദഗ്ധ ചികിത്സ ഉറപ്പാക്കുന്നു.

മെഡിക്കൽ കോളേജിൽ ഈ സർക്കാരിന്റെ കാലത്ത് അധികമായി ഐസിയു, വെന്റിലേറ്റർ, മറ്റ് ആശുപത്രി സംവിധാനങ്ങളൊരുക്കി. ഇത് കോവിഡ് കാലത്ത് വളരെയധികം സഹായിച്ചു. സ്പെറ്റ്, പെറ്റ് സ്കാനിംഗുകൾ സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി നടത്തി. കുട്ടികളുടെ ഹൃദയ ശസ്ത്രക്രിയ, എസ്.എം.എ. ക്ലിനിക് എന്നിവ യാഥാർത്ഥ്യമാക്കി. മെഡിക്കൽ കോളേജിൽ 50 കിടക്കകളുള്ള 34.70 കോടിയുടെ ഐസൊലേഷൻ ബ്ലോക്ക് സ്ഥാപിക്കുമെന്നും മന്ത്രി വ്യക്തമാക്കി.



എറണാകുളം ജനറൽ ആശുപത്രിക്ക് ഒരു പൊൻതൂവൽ കൂടി

## നൂതന ഭാഗിക മുട്ട് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കി

**എറണാകുളം:** തേയ്മാനം വന്ന ഭാഗം മാത്രം മാറ്റിവയ്ക്കുന്ന ജർമൻ സംവിധാനമായ ലിങ്ക്സ്ലെഡ് ഉപയോഗിച്ച് ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കി എറണാകുളം ജനറൽ ആശുപത്രി. അത്യാധുനിക സൗകര്യങ്ങളോടു കൂടിയ പുതിയ സൂപ്പർസ്പെഷ്യാലിറ്റി ബ്ലോക്ക് ഓപ്പറേഷൻ തീയേറ്ററിലാണ് ശസ്ത്രക്രിയ നടത്തിയത്.

സാധാരണയായി മദ്ധ്യവയസ്കരിൽ മുട്ടിന്റെ പകുതി ഭാഗത്തു മാത്രമാണ് തേയ്മാനംവരാറുള്ളത്. അവരിൽ സമ്പൂർണ്ണ മുട്ടു മാറ്റിവക്കൽ ശസ്ത്രക്രിയ നടത്തുമ്പോൾ തേയ്മാനമില്ലാത്ത ഭാഗം കൂടി മാറ്റിവയ്ക്കേണ്ടിവരും. എന്നാൽ ലിഗമെന്റുകൾ എല്ലാം നിലനിർത്തിക്കൊണ്ടു തേയ്മാനം വന്ന ഭാഗം മാത്രമേ ലിങ്ക്സ്ലെഡ് ശസ്ത്രക്രിയയിൽ മാറ്റിവയ്ക്കുന്നുള്ളു. അതിനാൽ ശസ്ത്രക്രിയയ്ക്ക് വിധേയനാകുന്ന രോഗിക്ക് മൂന്ന് ദിവസത്തിനകം പരസഹായം ഇല്ലാതെ നടക്കുന്നതിനും ഒരാഴ്ചക്കകം പടികൾ കയറുന്നതിനും സാധിക്കുമെന്ന് എല്ലുരോഗ വിഭാഗം മേധാവി ഡോ. തോമസ് മാമ്മൻ പറയുന്നു. മൂന്ന് വർഷമായി കടുത്ത മുട്ട് വേദനയുമായി കഴിഞ്ഞിരുന്ന 45കാരനിലാണ് ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കിയത്.

ഡോ.തോമസ് മാമന്റെ നേതൃത്വത്തിൽ ടീം അംഗങ്ങളായ അനസ്തേഷ്യ വിഭാഗം ഡോ. അഞ്ചുരാജ്, ഡോ.മെർലിൻ, നേഴ്സിങ് സ്റ്റാഫ് ഹരിമതി ശ്യാമള, ചിന്നു, ആശ, പ്രീ ടെക്നീഷ്യന്മാരായ അശ്വതി, ബാബു ജോസഫ് എന്നിവർ ശസ്ത്രക്രിയയിൽ പങ്കെടുത്തു.

# വികസനത്തിന്റെ പാതയിൽ കണ്ണൂർ ജില്ലാ ആശുപത്രി

**കിഫ്ബി ഫണ്ട് 57 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ പ്രവൃത്തി പുരോഗമിക്കുകയാണ്. മാസ്റ്റർ പ്ലാനിന്റ ഭാഗമായി സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്.**



**കണ്ണൂർ:** ഏറെ പരാധീനതകൾക്ക് നടുവിലായിരുന്നു കണ്ണൂർ ജില്ലാ ആശുപത്രി. എന്നാൽ ഇന്ന് അടിസ്ഥാന സൗകര്യങ്ങളിലും നൽകുന്ന സേവനങ്ങളിലും വലിയ മുന്നേറ്റമാണ് ജില്ലാ ആശുപത്രി നടത്തിയിട്ടുള്ളത്. ജില്ലയുടെ ആതുര സേവനരംഗത്ത് ഇന്ന് കണ്ണൂർ ജില്ലാ ആശുപത്രി അഭിമാനകരമായ പങ്കാണ് വഹിക്കുന്നത്. ജില്ലയുടെ എല്ലാ ഭാഗങ്ങളിൽ നിന്നും വിദഗ്ധ ചികിത്സയ്ക്കും അനുബന്ധ സേവനങ്ങൾക്കുമായി ദിവസവും മൂവായിരത്തോളം രോഗികളാണ് ആശുപത്രിയിലെത്തുന്നത്.

മെഡിസിൻ, ജനറൽ, ഓർത്തോ, ഗൈനക്, ഡെന്റൽ, സൈക്യാട്രി, നെഫ്രോളജി, കാർഡിയോളജി, ചെസ്റ്റ്, ഇ.എൻ.ടി, സ്കിൻ, പീഡിയാട്രിക്, സർജറി, ഫിസിക്കൽ മെഡിസിൻ ആൻഡ് റിഹാബിലിറ്റേഷൻ തുടങ്ങിയ ഒപികൾക്ക് പുറമേ കൗമാര ക്ലിനിക്, ജീവിതശൈലീ രോഗക്ലിനിക്, ട്രോമാകെയർ, ബ്ലഡ് ബാങ്ക് എന്നിവയും പ്രവർത്തിക്കുന്നുണ്ട്.

കിഫ്ബി ഫണ്ട് 57 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ പ്രവൃത്തി പുരോഗമിക്കുകയാണ്. മാസ്റ്റർ പ്ലാനിന്റ ഭാഗമായി സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. ജില്ലാ പഞ്ചായത്ത് തയ്യാറാക്കിയ മാസ്റ്റർപ്ലാനിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന് അഞ്ച് നിലകളാണുള്ളത്. ബി എസ് എൻ എല്ലി ന്റെ മേൽനോട്ടത്തിൽ പി ആൻഡ് സി പ്രൊജക്റ്റ്സാണ് പ്രവൃത്തി നടത്തുന്നത്. ഒന്നാം നിലയിൽ ഫാർമസി, ഫാർമസി സ്റ്റോർ, കൺസൽട്ടേഷൻ റൂം. രണ്ടാം നിലയിൽ ഓപ്പറേഷൻ തിയറ്റർ കോംപ്ലക്സ്, ഐ.സി.യു, മൂന്നാം നിലയിൽ ഡയാലിസിസ് യൂണിറ്റ്, ജനറൽ വാർഡ്, പ്രീമിയം പേ വാർഡ്, നാലാം നിലയിൽ പ്രീമിയം പേ വാർഡ്, ജനറൽ വാർഡ് എന്നിവയുമുണ്ടാകും.

ഹൃദയാഘാത ചികിത്സാ രംഗത്ത് ആദ്യമായി സർക്കാർ മേഖലയിൽ ചികിത്സ ലഭ്യമാക്കുന്നതിന് കിഫ്ബി അനുവദിച്ച എട്ട് കോടി രൂപ ഉപയോഗപ്പെടുത്തി ജില്ലാ ആശുപത്രിയിൽ കാത്ത് ലാബും ആരംഭിച്ചു. ഇവിടെ കാത്ത് ലാബും, അഞ്ച് പ്രീ കാത്ത്, പത്ത് പോസ്റ്റ് കാത്ത് കിടക്കളുള്ള സി.സി.യുവുമാണ് പ്രവർത്തന സജ്ജമായിട്ടുള്ളത്. വിദഗ്ധ ചികിത്സയ്ക്കായി മെഡിക്കൽ കോളേജുകളേയും സ്വകാര്യ ആശുപത്രികളെയും ആശ്രയിക്കേണ്ടി വരുന്ന പാവപ്പെട്ട രോഗികൾക്ക് ജില്ലാ ആശുപത്രിയിൽ സജ്ജമായ കാത്ത് ലാബ് ആശ്വാസമാണ്. ഇതിനകം 200ഓളം ആൻജിയോപ്ലാസ്റ്റി പ്രൊസീജിയേഴ്സ് പൂർത്തീകരിച്ചു. എട്ടുകോടിചെലവിട്ട പദ്ധതിയിൽ ഒരു കോടി കാസ്പ് ഫണ്ട്, 10.64 ലക്ഷം ജില്ലാ പഞ്ചായത്ത് ഫണ്ട് എന്നിങ്ങനെയും കാത്ത് ലാബ് പ്രാവർത്തികമാക്കുന്നതിന് ചിലവഴിച്ചിട്ടുണ്ട്.

ദേശീയ ആരോഗ്യ ദൗത്യം വഴി എമർജൻസി കൊവിഡ് റെസ്പോൺസ് പാക്കേജിന്റെ ഭാഗമായി ജില്ലാ ആശുപത്രിയിൽ പീഡിയാട്രിക് കെയർ സെന്റർ ഒരുക്കി. ഇതിൽ 84.25 ലക്ഷം രൂപ ചെലവിട്ട് 30 ഓക്സിജൻ സപ്പോർട്ടഡ് കിടക്കളുള്ള പീഡിയാട്രിക് വാർഡ്, 12 കിടക്കളുള്ള ഹൈ ഡിപ്പൻഡൻസി യൂണിറ്റ്, 5 കിടക്കകളുള്ള പീഡിയാട്രിക്ക് ഐസിയു എന്നിവ ഒരുക്കിയത്. 1.90 കോടി രൂപ വിനിയോഗിച്ച് ജില്ലാ പഞ്ചായത്താണ് വാർഡിന് ഭൗതിക സാഹചര്യമൊരുക്കിയത്. ആരോഗ്യസ്ഥാപനമെതിലുപരി വിദ്യാഭ്യാസ സ്ഥാപനമെന്ന നിലയിലേക്കും ജില്ലാ ആശുപത്രി ഉയരുകയാണ്. ഡിപ്ലോമാറ്റ് ഇൻനാഷണൽ ബോർഡ് (ഡി.എൻ.ബി) എന്ന കോഴ്സിലേക്ക് ഒ.ബി.ജി വിഭാഗത്തിൽ 3 വിദ്യാർഥികൾ പഠനം നടത്തി വരുന്നു. മെഡിസിൻ, സർജറി, ഓർത്തോ എന്നീ വിഭാഗങ്ങളിലും ഭാവിയിൽ കോഴ്സുകൾ തുടങ്ങുന്നതാണ്.



ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, കേരള സർക്കാർ

# ആരോഗ്യമേഖലയിൽ 51.14 കോടിയുടെ വികസനപദ്ധതികൾ യാഥാർഥ്യമാക്കി തൃശൂർ

**തൃശ്ശൂർ:** ജില്ലയുടെ ആരോഗ്യമേഖലക്ക് കരുത്തു പകർന്ന് 51.14 കോടിയുടെ വികസനപദ്ധതികൾ. വിവിധ പദ്ധതികളുടെ ഉദ്ഘാടനം ആരോഗ്യവും വനിതാ ശിശുവികസനവും വകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിച്ചു. സംസ്ഥാന സർക്കാരിന്റെ നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായാണ് വിവിധ പദ്ധതികൾ നടപ്പാക്കിയത്.

ഗവ. മെഡിക്കൽ കോളേജിൽ മാത്രമായി 40 കോടിയുടെ 26 പദ്ധതികളാണ് നാടിനായി സമർപ്പിച്ചത്. ട്രോമാ കെയർ ആന്റ് ട്രയാജ് കെട്ടിടം, ബേസ് യൂണിറ്റ്, നെഞ്ചു രോഗാശുപത്രിയിൽ എം.ആർ.ഐ.സ്കാൻ, ട്രോമാ കെയർ ബ്ലോക്കിൽ ഡിജിറ്റൽ റേഡിയോഗ്രാഫി, ആർ. ബി. എസ്. കെ. ട്രെയിനിങ് സെന്റർ ആൻഡ് റീജിയണൽ എർളി ഇന്റർവെൻഷൻ കെട്ടിടം, സോളാർ വൈദ്യുത പദ്ധതി, ഡിജിറ്റൽ ഫ്ലൂറോസ്കോപ്പി, ഇ - ഹെൽത്ത് പദ്ധതി, സർജിക്കൽ ഓങ്കോളജി ഒ.പി. ആൻഡ് ഓപ്പറേഷൻ തിയേറ്റർ, ബ്ലഡ് ബാങ്ക് നിർമ്മാണം, സമഗ്ര മുലയൂട്ടൽ പരിപാലന കേന്ദ്രവും മുലപ്പാൽ ശേഖരണ കേന്ദ്രവും, മാതൃകാ പേവിഷബാധ വാക്സിനേഷൻ ക്ലിനിക്ക്, ഹീമോഫീലിയ ഡേ കെയർ സെന്റർ തുടങ്ങിയ പദ്ധതികളുടെ ഉദ്ഘാടനമാണ് മന്ത്രി നിർവ്വഹിച്ചത്.



ജനറൽ ആശുപത്രി കേന്ദ്രീകരിച്ച് 3 കോടിയുടെ പദ്ധതികളാണ് യാഥാർഥ്യമായത്. 1.83 കോടി രൂപ പി.എം.കെയർ ഫണ്ട് ഉപയോഗിച്ച് ഓക്സിജൻ ജനറേഷൻ പ്ലാന്റ്, 90.73 ലക്ഷം രൂപ ഉപയോഗിച്ച് 12 എച്ച്.ഡി.യു. ബെഡുകളും 20 ഓക്സിജൻ ബെഡുകളും അടങ്ങിയ ആധുനിക സജ്ജീകരണങ്ങളോടു കൂടിയ പീഡിയാട്രിക്ക് ഐ.സി.യു, 10 ലക്ഷം എച്ച്.എം.സി.ഫണ്ട് ഉപയോഗിച്ച് എ.എം.ആർ. (ആന്റി മൈക്രോബിയൽ റസിസ്റ്റൻസ്) ലാബ് എന്നിവയാണ് മികച്ച സേവന ലഭ്യത ഉറപ്പാക്കാനായി തയ്യാറാക്കിയിട്ടുള്ളത്.

മേജർ ആശുപത്രികളായ താലൂക്ക് ആശുപത്രി ചാവക്കാട്, ചാലക്കുടി, കൊടുങ്ങല്ലൂർ എന്നിവിടങ്ങളിൽ ഏഴ് കോടി രൂപ ഉപയോഗിച്ച് നൂതന മെഡിക്കൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. താലൂക്ക് ആശുപത്രി ചാലക്കുടിയിൽ എൻ.എച്ച്.എം.ഫണ്ട് 94 ലക്ഷം രൂപ ഉപയോഗിച്ച് രണ്ട് ഗൈനക്ക് ഓ.പി.കോംപ്ലക്സും, ലേബർ വാർഡിനേയും തിയേറ്ററിനേയും ബന്ധിപ്പിക്കുന്ന റാമ്പുകൾ, ലേബർ റൂമിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഉയർത്തൽ, കോംപ്രിഹെൻസീവ് ന്യൂ ബോൺ കെയർ യൂണിറ്റ് എന്നിവ സജ്ജീകരിച്ച് ലക്ഷ്യ സ്റ്റാൻഡേർഡിലേക്ക് ഉയർത്തി. ഇവിടെ തന്നെ നബാർഡ് തുക 4.10 കോടി ഉപയോഗിച്ച് ട്രോമാ കെയറിന്റെ ഭാഗമായി അത്യാഹിത വിഭാഗവും സജ്ജമാക്കിയിട്ടുണ്ട്.

1.22 കോടി ഉപയോഗിച്ച് താലൂക്ക് ആശുപത്രി ചാവക്കാട്, 17.34 കോടി ഉപയോഗിച്ച് താലൂക്ക് ആശുപത്രി കൊടുങ്ങല്ലൂർ എന്നിവിടങ്ങളിൽ നവകേരള കർമ്മ പദ്ധതിയിൽ വിഭാവനം ചെയ്ത സൗകര്യങ്ങളോടു കൂടിയ ഓ.പി.ഡി ട്രാൻസ്ഫോർമേഷൻപൂർത്തീകരിച്ചു.

സാമൂഹികാരോഗ്യ കേന്ദ്രങ്ങളായ പുത്തൻച്ചിറ, പഴഞ്ഞി, വാടാനപ്പിള്ളി എന്നിവിടങ്ങളിലായി 1.14 കോടിയുടെ പ്രവർത്തനങ്ങൾ നടത്തി ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തുകയും കാത്തിരിപ്പ് കേന്ദ്രം, ഒ.പി.കൗണ്ടർ, ഒ.പി.മുറികളുടെ നവീകരണം, ലാബ് നവീകരണം, ഫാർമസി നവീകരണം, കാഷ്വാലിറ്റി നവീകരണം, പ്രീ ചെക്കപ്പ് ഏരിയ തുടങ്ങിയ സജ്ജീകരണങ്ങളും ഒരുക്കിയിട്ടുണ്ട്.

സർക്കാർ ആശുപത്രികളുടെ ശക്തീകരണത്തിലൂടെ കുറഞ്ഞ ചിലവിൽ മികച്ച ചികിത്സ ഉറപ്പാക്കുകയാണ് സർക്കാർ ലക്ഷ്യം.

ജൂൺ 21

# അന്താരാഷ്ട്ര യോഗ ദിനം



ഡോ. ശ്രീദേവി എം
(ആയുഷ് മെഡിക്കൽ ഓഫീസർ അതിരമ്പുഴ)
ഡോ. ചിത്ര എം. ബി
(ആയുഷ് മെഡിക്കൽ ഓഫീസർ കുറിച്ചി)

**മനുഷ്യന്റെ** ശാരീരികവും മാനസികവും ആദ്ധ്യാത്മികവുമായ ഉന്നമനത്തിലൂടെ സമഗ്രമായ ആരോഗ്യപരിപാലനമാണ് യോഗശാസ്ത്രം ലക്ഷ്യമിടുന്നത്. ലളിത ജീവിതവും ഉയർന്ന ചിന്തയും എന്നതിനെ ആധാരമാക്കി സ്വയം അച്ചടക്ക വിധേയമായ ജീവിതമാണ് യോഗ. ഒത്തുചേരൽ എന്നർത്ഥം വരുന്ന 'യുജ്' ധാതുവിൽ നിന്നാണ് യോഗപദം ഉണ്ടായിരിക്കുന്നത്.

ഒരു കാലത്ത് സന്ന്യാസിമാരും യോഗികളും ആത്മീയ ഉന്നതിക്കുവേണ്ടി രൂപവത്കരിച്ച യോഗശാസ്ത്രം ഇന്ന് ലോകമെമ്പാടുമുള്ള ജനങ്ങളുടെ മാനസികവും ശാരീരികവുമായ ആരോഗ്യസംരക്ഷണത്തിനുള്ള ഉപാധിയായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. അതിനാലാണ് നാം ജൂൺ-21 അന്താരാഷ്ട്ര യോഗദിനമായി ആചരിക്കുന്നത്. യോഗപരിശീലനത്തിലൂടെ രോഗനിവാരണത്തിനും രോഗപ്രതിരോധത്തിനും കൂടാതെ സത്യ ധർമ്മാദികൾ നിറഞ്ഞ ആരോഗ്യമുള്ള പുതുതലമുറയെ വാർത്തെടുക്കുന്നതിനും സാധിക്കും. യോഗ ശാസ്ത്രത്തിൽ 5 പ്രധാന തത്ത്വങ്ങളാണ് ഉള്ളത്.

**ശരിയായ വ്യായാമം.**
**ശരിയായ ശ്വാസോച്ഛ്വാസം**
**ശരിയായ വിശ്രമം**
**ശരിയായ ഭക്ഷണക്രമം**
**ശുഭാപ്തി വിശ്വാസവും ധ്യാനവും**

യോഗശാസ്ത്രത്തിന്റെ പിതാവായ പതഞ്ജലി ആവിഷ്കരിച്ചതാണ് അഷ്ടാംഗ യോഗ യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി. ഇവയാണ് ഈ എട്ടംഗങ്ങൾ. യമം, നിയമം എന്നിവയ്ക്ക് അഞ്ച് ഘടകങ്ങൾ ഉണ്ട്.

**യമത്തിന്റെ ഭേദങ്ങൾ**

1. **അഹിംസ:** മനസാ വാചാ കർമ്മണാ ആരെയും ഉപദ്രവിക്കാതിരിക്കുക.
2. **സത്യം:** ജീവിതത്തിലുടനീളം സത്യസന്ധത പുലർത്തുക
3. **അസ്തേയം:** മോഷ്ടിക്കാതിരിക്കുക.
4. **ബ്രഹ്മചര്യം:** ശാരീരികവും മാനസികവുമായ വികാരങ്ങളെ നിയന്ത്രിക്കുക.
5. **അപരിഗ്രഹം:** ആവശ്യത്തിലധികം കൈവശപ്പെടുത്താതിരിക്കുക.

**നിയമത്തിന്റെ ഭേദങ്ങൾ**

1. **ശൗചം:** ശാരീരികവും മാനസികവുമായ ശുചിത്വം.
2. **സന്തോഷം:** എല്ലാ കാര്യത്തിലും സന്തോഷം കണ്ടെത്തുക.
3. **തപസ്:** ലക്ഷ്യ സാക്ഷാത്കാരത്തിനുള്ള ശരിയായ പ്രയത്നം
സ്വാധ്യായം മതഗ്രന്ഥങ്ങൾ,പൗരാണിക വിജ്ഞാനങ്ങൾ എന്നിവയുടെ പഠനത്തിലൂടെ അറിവ് നേടുക.
4. **ഈശ്വര പ്രാണിധാനം:** ഫലേച്ഛ ഇല്ലാതെ കർമ്മം ചെയ്യുക.
5. **കകക ആസനം:** സ്ഥിരവും സുഖവുമായ അവസ്ഥ ആസനം.
6. **പ്രാണായാമം:** ശ്വാസോച്ഛ്വാസത്തെ പൂരക രേചക കുംഭകങ്ങളിലൂടെ നിയന്ത്രിച്ച് നാഡികളെ ശുദ്ധീകരിക്കുന്ന ശ്വസന രീതി.
7. **പ്രത്യാഹാരം:** ഇന്ദ്രിയനിയന്ത്രണവും അന്തർമുഖവുമായ ഉൾക്കാഴ്ചയും പ്രദാനം ചെയ്യുന്നു.
8. **ധാരണ:** മനസിനെ ബാഹ്യമോ ആന്തരികമോ ആയ ബിന്ദുവിലോ സ്ഥലത്തോ ഏകാഗ്രമായി നിർത്തുന്നത് ധാരണ. ഇതുവഴി ബുദ്ധി, ഓർമ്മ, ഏകാഗ്രത ഇവ വർദ്ധിക്കുന്നു.
9. **ധ്യാനം:** മനസ് എവിടെ ഉറപ്പിച്ചിരിക്കുന്നുവോ അതേ ദിശയിലുള്ള മനസിന്റെ നിരന്തരവും അഭംഗുരവുമായ വ്യാപാരമാണ് ധ്യാനം.
10. **സമാധി:** ആത്മ - പരമാത്മ അവസ്ഥകളിലൂടെ ഏകത്വം അറിയുകയും ഓരോ ജീവികളിലുമുള്ള പ്രപഞ്ചശക്തികളെ ഗ്രഹിക്കുകയും ചെയ്യുന്ന അവസ്ഥ സമാധി.

**പൊതു നിർദ്ദേശങ്ങൾ**

1. യോഗ പരിശീലനം അവരവരുടെ ആരോഗ്യസ്ഥിതി അനുസരിച്ചാകുന്നു ചെയ്യേണ്ടത്.
2. പ്രഭാത കർമ്മങ്ങൾക്ക് ശേഷം അഭ്യസിക്കുക.
3. ആഹാരത്തിന് മുൻപോ ശേഷം മൂന്നു മണിക്കൂർ കഴിഞ്ഞോ യോഗ അഭ്യാസം ചെയ്യാം
4. യോഗ ചെയ്യുമ്പോൾ അയഞ്ഞ കോട്ടൺ വസ്ത്രം ധരിക്കുക.
4. വായു സഞ്ചാരമുള്ളതും വൃത്തിയും സമാധാനവും നിറഞ്ഞ അന്തരീക്ഷം ആകണം.
5. നിലത്ത് യോഗമാറ്റ് / കട്ടിയുള്ള ഷീറ്റ് വിരിച്ച് യോഗ ചെയ്യാം
.
6. 10 വയസിനു മുകളിൽ പ്രായമുള്ള ഏവർക്കും ശീലിക്കാം
7. നിർബന്ധമില്ലെങ്കിലും കുളി കഴിഞ്ഞ് യോഗ ചെയ്യുന്നത് നല്ലത്.
8. വിശ്രമം വേണ്ട രോഗാവസ്ഥകളിലും ആർത്തവ സമയത്തും യോഗ ഒഴിവാക്കുക.
9. ഗർഭിണികളും, രോഗികളും യോഗ വിദഗ്ധന്റെ നിർദ്ദേശപ്രകാരം യോഗ അഭ്യസിക്കുക.
10. ഓരോ ആസനത്തിനും ശേഷവും വിശ്രമം ആവശ്യമാണ്.
11. യോഗഅഭ്യാസം ശരീരത്തിനോ, മനസിനോ ആയാസം ഉണ്ടാക്കുന്ന രീതിയിൽ ചെയ്യരുത്.

# ആരോഗ്യരംഗത്തെ ശാക്തീകരിക്കുക സർക്കാർ ദൗത്യം: മന്ത്രി വീണാ ജോർജ്



പാലക്കാട് ജില്ലാശുപത്രിയിലെ ബേൺ കെയർ യൂണിറ്റിന്റെ ഉദ്ഘാടന കർമ്മം ആരോഗ്യമന്ത്രി വീണാ ജോർജ് നിർവ്വഹിക്കുന്നു

പാലക്കാട്: ആരോഗ്യരംഗത്തെയും സർക്കാർ ആശുപത്രികളെയും ശാക്തീകരിക്കുക എന്ന വലിയ ദൗത്യമാണ് സർക്കാർ ഏറ്റെടുത്തിരിക്കുന്നതെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്ജ്. സർക്കാരിന്റെ നൂറു ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിലെ വിവിധ ആരോഗ്യ പദ്ധതികളുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. പട്ടാമ്പി താലൂക്ക് ആശുപത്രിയിലെ ശിശു തീവ്രപരിചരണ വിഭാഗം, ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പുതിയ കെട്ടിടം ഒബ്സർവേഷൻ ബ്ലോക്ക്, അട്ടപ്പാടി ഉൾപ്പെടെ നാലോളം സർക്കാർ ആശുപത്രികളിലെ വിവിധ പദ്ധതികളുടെ ഓൺലൈൻ ഉദ്ഘാടനം, പാലക്കാട് ജില്ലാശുപത്രിയിലെ ബേൺ കെയർ യൂണിറ്റ്, പുതിയ ഡയാലിസിസ് ബ്ലോക്ക്, 127 കോടിയുടെ കിഫ്ബി മാസ്റ്റർ പ്ലാൻ നിർമ്മാണ ഉദ്ഘാടനം, കടമ്പഴിപ്പുറം സാമൂഹികാരോഗ്യകേന്ദ്രത്തെ ബ്ലോക്ക് തല കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തൽ എന്നിങ്ങനെ വിപുലമായ പദ്ധതികളാണ് ജില്ലയിൽ ആരോഗ്യമേഖലയിൽ മന്ത്രി നാടിനു സമർപ്പിച്ചത്.

60 മുതൽ 70 ശതമാനത്തോളം രോഗികൾ എത്തുന്നത് സർക്കാർ ആശുപത്രിയിലായതിനാൽ അതിനനുസരിച്ച് അടിസ്ഥാന സൗകര്യങ്ങൾ ക്രമീകരിക്കുകയാണെന്നും സാമ്പത്തിക ബുദ്ധിമുട്ടിന്റെ പേരിൽ ചികിത്സ നിഷേധിക്കപ്പെടാൻ പാടില്ല എന്നതാണ് സർക്കാർ നയമെന്നും മന്ത്രി പറഞ്ഞു. കഴിഞ്ഞ സാമ്പത്തിക വർഷം മാത്രം സൗജന്യ ചികിത്സയ്ക്ക് 1650 കോടി രൂപയാണ് സർക്കാർ അനുവദിച്ചത്.

പാലക്കാട് ജില്ലയിലാണ് ഏറ്റവും കൂടുതൽ പേർ സർക്കാർ സംവിധാനങ്ങളെ ആശ്രയിക്കുന്നത്. സർക്കാർ ആരോഗ്യ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണ്. രാജ്യത്ത് ഏറ്റവും അധികം ആളുകൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്ന സംസ്ഥാനമാണ് കേരളം. വലിയ ചെലവ് വരുന്ന അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് ആവശ്യമായ സംവിധാനങ്ങൾ സംസ്ഥാന സർക്കാർ സജ്ജമാക്കുകയാണ്. അവയവമാറ്റ ശസ്ത്രക്രിയ തീർത്തും സൗജന്യമായാണ് നൽകുന്നത്. റോബോട്ടിക് കാൻസർ സർജറി ട്രീറ്റ്മെന്റിന് സംസ്ഥാനം സജ്ജമാവുകയാണ്. ഇത്തരത്തിൽ സംസ്ഥാന സർക്കാർ സമഗ്രവികസനം ലക്ഷ്യമാക്കിയാണ് പ്രവർത്തിക്കുന്നതെന്നും മന്ത്രി പറഞ്ഞു.


## പത്രാധിപ സമിതി

ചീഫ് എഡിറ്റർ
**കെ ജീവൻ ബാബു ഐ എ എസ്**
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ എച്ച് എം

എഡിറ്റർ
**കെ പി ശിനോഷ്**
സീനിയർ കൺസൾട്ടന്റ്, ബി സി സി

മാനേജിങ് എഡിറ്റർ
**വി കെ വർഷ**
ജെ സി(ഡിഹസി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അസോ. എഡിറ്റേഴ്സ്
**ടി സ്മൃതി ലക്ഷ്മി**
കൺസൾട്ടന്റ് (ഡിഹസി), സ്റ്റേറ്റ് മിഷൻ ഓഫീസ്
**കെ കെ ഷൈജിൽ**
ജെ സി(ഡിഹസി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അംഗങ്ങൾ
**വർഷ ജയപ്രകാശ്**
ജെ സി (ഡിഹസി), തിരുവനന്തപുരം
**വിനീഷ് സി ആർ**
കൺസൾട്ടന്റ് (ഡിഹസി), കോട്ടയം
**ഡാനി പ്രിയൻ**
കൺസൾട്ടന്റ്(ഡിഹസി), തൃശൂർ
**ജിജിൽ മാത്യു**
കൺസൾട്ടന്റ്(ഡിഹസി), ഇടുക്കി
**വിനു എ**
കൺസൾട്ടന്റ്(ഡിഹസി), എറണാകുളം
**പ്രീത എം**
ജെ സി(ഡിഹസി), പാലക്കാട്
**ദിവ്യ ഇ ആർ**
ജെ സി(ഡിഹസി), മലപ്പുറം
**ദിവ്യ**
കൺസൾട്ടന്റ്(ഡിഹസി), കോഴിക്കോട്
**നിജിൽ**
ജെ സി (ഡിഹസി), വയനാട്
**ബിൻസി രവീന്ദ്രൻ**
ജെ സി (ഡിഹസി),കണ്ണൂർ
**കമൽ കെ ജോസ്**
ജെ സി (ഡിഹസി), കാസർഗോഡ്
**ഷീബ ആർ ദാസ്**
ക്ലർക്ക്, ഡി ഇ ഒ സ്റ്റേറ്റ് മിഷൻ ഓഫീസ്

# നേട്ടത്തിന്റെ നെറുകയിൽ കോഴിക്കോട് ആരോഗ്യവകുപ്പ്

## മാതൃകയായി മുലപ്പാൽ ബാങ്കും ജീവതാളം പദ്ധതിയും



**കോഴിക്കോട്:** മാറ്റത്തിന്റെ പാതയിലാണ് ജില്ലാ ആരോഗ്യവകുപ്പ്. ആരോഗ്യസേവനങ്ങൾ നൽകുമ്പോൾ തന്നെ ആശുപത്രികളുടെ ഭൗതിക സാഹചര്യവും മെച്ചപ്പെടുത്തുന്നതിനായുള്ള ശ്രമങ്ങളാണ് സംസ്ഥാന ആരോഗ്യവകുപ്പ് നടത്തിവരുന്നത്. സ്വകാര്യ ആശുപത്രികളെ വെല്ലുവിളിക്കാൻ ഉതകുന്ന വിവിധങ്ങളായ പ്രവർത്തനങ്ങളാണ് ജില്ലയിൽ ഇതിനോടകം നടപ്പാക്കിയത്. ജില്ലയിൽ ആരംഭിച്ച മുലപ്പാൽ ബാങ്കും ജീവതാളം പദ്ധതിയും സംസ്ഥാനത്തിന് തന്നെ മാതൃകയാണ്.

അമ്മയുടെ രോഗാവസ്ഥ, മരണം, പാൽ ഉൽപാദനം കുറയുക എന്നീ കാരണങ്ങൾ മൂലം ചില കുഞ്ഞുങ്ങൾക്ക് മുലപ്പാൽ ആവശ്യമായ തോതിൽ ലഭ്യമാകാത്ത അവസ്ഥ ഉണ്ടാകാറുണ്ട്. ഈ അവസരത്തിൽ കുഞ്ഞുങ്ങൾക്ക് മുലപ്പാൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് മുലപ്പാൽ ബാങ്കിന്റെ പ്രവർത്തനം ആരംഭിച്ചത്. ആരോഗ്യമുള്ള മുലയൂട്ടുന്ന അമ്മമാരിൽ നിന്ന് മുലപ്പാൽ ശേഖരിച്ച് അണുവിമുക്തമാക്കി നിർദ്ദിഷ്ട ഊഷ്മാവിൽ സൂക്ഷിച്ച് ആവശ്യക്കാരായ നവജാതശിശുക്കൾക്ക് ആവശ്യാനുസരണം നൽകുകയാണ് മുലപ്പാൽ ബാങ്ക് വഴി. ഇതുവരെ 3221 അമ്മമാർ ഇതിലൂടെ മുലപ്പാൽദാതാക്കളായി. അമ്മയുടെയും നവജാത ശിശുവിന്റെയും ഒരുമിച്ചുള്ള സംരക്ഷണം ലക്ഷ്യമിട്ട് ജില്ലയിൽ മദർ ആൻഡ് ന്യൂബോൺ കെയർ യൂണിറ്റും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജില്ലാ മാതൃശിശുസംരക്ഷണ കേന്ദ്രത്തിലാണ് ഇത് പ്രവർത്തിക്കുന്നത്.

നവജാതശിശു പരിചരണസംവിധാനത്തിലെ നാഴികക്കല്ലായിരുന്നു ജില്ലയിൽ തുടക്കമിട്ട നിയോക്രാഡിൽ പദ്ധതി. നവജാത ശിശുക്കളിൽ ശരീരോഷ്മാവ് കുറയുന്ന അവസ്ഥ, രക്തത്തിലെ ഗ്ലൂക്കോസ് കുറയുന്ന അവസ്ഥ, ഓക്സിജൻ കുറയുന്ന അവസ്ഥ എന്നിവ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ട്. ഇത്തരത്തിൽ ജനിക്കുന്ന കുട്ടികളെ കൃത്യമായ ഏകോപനത്തിലൂടെ ഐ.സി.യു അത്യാധുനിക സംവിധാനങ്ങളുള്ള ആംബുലൻസിൽ ഉയർന്ന ആശുപത്രികളിലേക്ക് എത്തിച്ച് മികച്ച പരിചരണം ഉറപ്പ് വരുത്തുന്നതാണ് നിയോക്രാഡിൽ പദ്ധതി.

ഗവ.ജനറൽ ആശുപത്രിയിൽ ആറ് ബെഡ്ഡുകളോടു കൂടിയ എച്ച്.ഡി.യു വാർഡും 15 ഓക്സിജൻ ബെഡ്ഡുകളോടു കൂടിയ വാർഡും ഗവ.സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ ആറ് ബെഡ്ഡുകളോടു കൂടിയ പീഡിയാട്രിക് ഐ.സി.യു, താലൂക്ക് ആശുപത്രി ഫറോക്കിൽ അഞ്ച് ബെഡ്ഡുകളോടു കൂടിയ പീഡിയാട്രിക് ഐ.സി.യു എന്നിവയും സജ്ജമായി. കോഴിക്കോട് ഗവ. മാതൃശിശു സംരക്ഷണ കേന്ദ്രത്തിൽ 15 ബെഡ്ഡുകളോടു കൂടിയ പീഡിയാട്രിക് ഐ.സി.യു, താലൂക്ക് ആശുപത്രി കൊയിലാണ്ടിയിൽ അഞ്ച് ബെഡ്ഡുകളോടു കൂടിയ പീഡിയാട്രിക് ഐ.സി.യു, ജില്ലാ ആശുപത്രി വടകരയിൽ ആറ് ബെഡ്ഡുകളോടു കൂടിയ എച്ച്.ഡി.യു വാർഡും 15 ഓക്സിജൻ ബെഡ്ഡുകളോടുകൂടിയ വാർഡും നിലവിൽ വന്നു.

ജില്ലാ ഗവ.സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലും താലൂക്ക് ആശുപത്രി കൊയിലാണ്ടിയിലും ലേബർ റൂമുകൾ ലക്ഷ്യ നിലവാരത്തിലേക്ക് ഉയർത്തിയത് സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന നിരവധി പേർക്ക് ആശ്വാസമായി.

ജീവിതശൈലീരോഗ നിർണയത്തിനും ആരോഗ്യകരമായ ജീവിത ശൈലികൾ പ്രോത്സാഹിപ്പിക്കുന്നതിനായി ആരംഭിച്ച ജീവതാളം പദ്ധതിക്കും ഉപഭോക്താക്കളേറെയാണ്. ജില്ലയിൽ 18 വയസിനു മുകളിലുള്ളവരെ ലക്ഷ്യമിട്ടാണ് പദ്ധതി ആരംഭിച്ചത്. എല്ലാവിധ ജീവിതശൈലിരോഗ നിർണ്ണയവും മൂന്നുതരം ക്യാൻസർ പരിശോധനയുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത് ജില്ലാ കോർപ്പറേഷനും ജില്ലാ പഞ്ചായത്തും എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും മുൻസിപ്പാലിറ്റികളും ഗ്രാമപഞ്ചായത്തുകളും അടക്കം 2 കോടി പത്ത് ലക്ഷത്തി തൊണ്ണൂറ്റി നാലായിരം രൂപ ജീവതാളം പദ്ധതിക്ക് വകയിരുത്തിയിട്ടുണ്ട്.

സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിൽ നടത്തി വരുന്ന വികസനപ്രവർത്തനങ്ങൾ കൂടുതൽ പേരെ ആശുപത്രിയിലേക്ക് എത്തിക്കുന്നതിനിടയാക്കിയിട്ടുണ്ട്. മികച്ച ചികിത്സയും സേവനങ്ങളുമാണ് ആരോഗ്യകേന്ദ്രങ്ങൾ വഴി ലഭ്യമാക്കുന്നത്. കൂടാതെ ആരോഗ്യകേന്ദ്രങ്ങളെ ഉയർത്തിയും പൊതുജനാരോഗ്യം മെച്ചപ്പെടുത്തുകയാണ്. ചുരുങ്ങിയ കാലയളവിൽ 12 പ്രാഥമികാരോഗ്യകേന്ദ്രങ്ങളാണ് കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തിയത്. മൂന്ന് സാമൂഹികാരോഗ്യകേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രങ്ങളാക്കിയും ഉയർത്തി. 42 സബ് സെന്ററുകൾ ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തി. ആറ് നഗര പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ നഗര കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയും ഉയർത്തി.

പ്രാഥമികാരോഗ്യകേന്ദ്രങ്ങളായ മാങ്ങാട്, വയലട, തുറയൂർ, ചൂലൂർ, കുരുവട്ടൂർ, കാക്കൂർ, വേളം, കുണ്ടുതോട്, കിഴക്കോത്ത്, കൂത്താളി, എരമംഗലം, ചെങ്ങോട്ടുകാവ് എന്നിവ 15.5 ലക്ഷം രൂപ വീതം ചിലവഴിച്ചാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയത്. കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറുന്നതോടെ ആശുപത്രിയുടെ ഭൗതികസാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതാണ്. സാമൂഹികാരോഗ്യ കേന്ദ്രങ്ങളായ സി.എച്ച്.സി ഒളവണ്ണ, സി.എച്ച്.സി തിരുവങ്ങൂർ, സി.എച്ച്.സി വളയം എന്നിവ 37.5 ലക്ഷം രൂപ വീതം ചെലവഴിച്ചാണ് ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയത്. കൂടാതെ സി.എച്ച്.സി നരിക്കുനിയുടെ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചു. കൂമ്പാറ, കോടമ്പുഴ, കോതോട്, എരവൂർ, ചീക്കിലോട്, ചിങ്ങപുരം, കക്കോടി മുക്ക്, മരുതാട്, കിനാലൂർ, കുറ്റിപ്പുറം, ചിയ്യൂർ, നീലേശ്വരം, തോട്ടത്തിൻകടവ്, പൊകയം, പാലങ്ങോട്, പുള്ളേരി, മുയിപ്പോത്ത്, കീഴ്പയ്യൂർ, കൽപത്തൂർ, മക്കട, പുത്തഞ്ചേരി, പൂനത്ത്, മൂലാട്, കുരിക്കത്തൂർ, പൈങ്ങോട്ടുപുറം, ഇരിങ്ങത്ത്, പാലച്ചുവട്, കല്ലാനോട്, തൃക്കുറ്റിശ്ശേരി, നിർമല്ലൂർ, മൊടക്കല്ലൂർ, കാരയാട്, അവിലോറ, എരപുരം, നല്ലളം, പണിക്കോട്ടി, കോരോത് റോഡ്, കോക്കല്ലൂർ, കുമ്മംകോട്, കുറുവങ്ങാട്, വെള്ളിമാടുകുന്ന്, വിലാതപുരം എന്നീ സബ് സെന്ററുകളെ 7 ലക്ഷംരൂപ വീതം ചെലവഴിച്ചാണ് ജനകീയ ആരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തി. നഗര പ്രാഥമികാരോഗ്യകേന്ദ്രങ്ങളായ കണ്ണാടിക്കൽ, കണ്ണഞ്ചേരി, വെളിയഞ്ചേരിപാടം, കുണ്ടുപറമ്പ്, പൊന്നംകോട്, ചെലവൂർ എന്നിവയെ നഗര കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തി. കൂടാതെ ഒരു നഗര കുടുംബാരോഗ്യകേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചു. ഫറോക്ക് മുനിസിപ്പാലിറ്റിക്ക് കീഴിൽ ഒരു പുതിയ നഗര കുടുംബാരോഗ്യകേന്ദ്രം ആരംഭിച്ചു (ഫറോക്ക് കരുവൻ തുരുത്തി)

രോഗപ്രതിരോധ കുത്തിവെപ്പിനുള്ള വാക്സിനുകളും കുടുംബക്ഷേമ മാർഗങ്ങൾ സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമായി കോഴിക്കോട് മലാപ്പറമ്പിൽ റീജ്യണൽ ഫാമിലി വെൽഫെയർ സ്റ്റോറിന്റെ പുതിയ കെട്ടിടം പ്രവർത്തനം ആരംഭിച്ചു. ഇത് കോഴിക്കോട് ജില്ലക്ക് പുറമെ, മലപ്പുറം, കണ്ണൂർ, വയനാട്, കാസറഗോഡ് ജില്ലകളിലെ ആരോഗ്യ.കേന്ദ്രങ്ങൾക്കും ഏറെ ആശ്വാസകരമായി.

> ജില്ലയിലെ അഞ്ച് നഗര പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ഇ–ഹെൽത്ത് സംവിധാനം പൂർണ്ണമായും നടപ്പിലാക്കി

ഗവ.ജനറൽ ആശുപത്രിയിൽ നവീകരിച്ച ഒ.പി.ഡി ട്രാൻസ്ഫർമേഷൻ പ്രവർത്തനമാരംഭിച്ചു. കൂടാതെ കോഴിക്കോട് മെഡിക്കൽ കോളേജിലെ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചു. താലൂക്ക് ആശുപത്രി ഫറോക്കിൽ ഫെതാൽമിക് വാർഡ്, ഓപ്പറേഷൻ തിയേറ്റർ, ഗവ.ജനറൽ ആശുപത്രിയിൽ നവീകരിച്ച ജെറിയാട്രിക് വാർഡ് എന്നിവയും പ്രവർത്തനമാരംഭിച്ചു.

ജില്ലയിലെ അഞ്ച് നഗര പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ ഇ- ഹെൽത്ത് സംവിധാനം പൂർണ്ണമായും നടപ്പിലാക്കി. റെയിൽടെൽ കോർപ്പറേഷൻ, ഐ.ടി.ഐ ലിമിറ്റഡ് എന്നിവയുടെ സഹകരണത്തോടെ നടപ്പാക്കിയ പദ്ധതിക്ക് സ്ഥാപനം ഒന്നിന് 7 ലക്ഷം രൂപ വീതം വകയിരുത്തിയിരുന്നു.

സർക്കാർ ആശുപത്രികളിലെ ഗുണനിലവാരം, വൃത്തി, പരിസരശുചിത്വം, ഭൗതികസാഹചര്യങ്ങൾ, രോഗീ പരിചരണം, അണുബാധ നിയന്ത്രണം, മാലിന്യ സംസ്കരണം എന്നിവ മുൻകൂട്ടി നിശ്ചയിച്ച മാനദണ്ഡങ്ങൾ പ്രകാരം, ആശുപത്രികളിൽ നടപ്പിലാക്കു പദ്ധതിയാണ് ക്വാളിറ്റി സ്റ്റാൻഡേർഡ്സ്. ജില്ലയിൽ എഫ്.എച്ച്.സി പനങ്ങാട്, എഫ്.എച്ച്.സി മേപ്പയൂർ, എഫ്.എച്ച്.സി തിരുവമ്പാടി, എഫ്.എച്ച്.സി ചെക്ക്യാട് എന്നീ സ്ഥാപനങ്ങളാണ് അംഗീകാരം നേടിയത്. കേരള സർക്കാർ നൽകി വരുന്ന കാഷ് അവാർഡ് എഫ്.എച്ച്.സി ചെക്ക്യാട്, എഫ്.എച്ച്.സി കക്കോടി എന്നീ സ്ഥാപനങ്ങളും നേടി.

കേടുപാടുകൾ സംഭവിച്ച ആശുപത്രി ഉപകരണങ്ങൾ നന്നാക്കി പ്രവർത്തന യോഗ്യമാക്കുതിനായി ആരോഗ്യവകുവകുപ്പും നാഷണൽ ഹെൽത്ത് മിഷനും സംയുക്തമായി പി.കെ സ്റ്റീൽസ്ന്റെ സഹകരണത്തോടെ പുനർജ്ജനി 'ആശുപത്രി ഉപകരണങ്ങൾക്ക് പുതുജീവൻ' എന്ന പുതിയ പദ്ധതി ആരംഭിച്ചു.കോഴിക്കോട് മലാപ്പറമ്പ് വാക്സിൻ സ്റ്റോറിലാണ് ഹോസ്പിറ്റൽ എക്യുപ്മെൻറ് റിപ്പയറിംഗ് യൂണിറ്റ് സജ്ജീകരിച്ചത്. കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർക്കോട് എന്നീ 5 ജില്ലകളിൽ വരുന്ന എല്ലാ സർക്കാർ ആശുപത്രികളുടേയും (438 ആശുപത്രികൾ) കൂടാതെ ആരോഗ്യവകുപ്പിന് കീഴിലുള്ള മറ്റ് അനുബന്ധ സ്ഥാപനങ്ങളിലേയും ഉപകരണങ്ങൾ, കൂളിങ്ങ് ഉപകരണങ്ങൾ എന്നിവയുടെ റിപ്പയറിംഗും സർവീസും കോഴിക്കോട് ഹോസ്പിറ്റൽ എക്യുപ്മെൻറ് റിപ്പയറിംഗ് യൂണിറ്റിനു കീഴിൽ ചെയ്യുന്നതാണ്.



മഴക്കാലം
മനോഹരമാക്കൂ
വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുക | ആഴ്ചയിൽ ഒരിക്കൽ ഡ്രൈ ഡേ ആചരിക്കുക
കൊതുകുകൾ വളരാനിടയാക്കുന്ന രീതിയിൽ വെള്ളം കെട്ടിക്കിടക്കുന്നില്ലെന്ന് ഉറപ്പു വരുത്തുക



**വീണാ ജോർജ്ജ്**
ആരോഗ്യവും വനിതാ ശിശു ക്ഷേമവും വകുപ്പ് മന്ത്രി

# നാടറിയുന്ന ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ

**സ്വാതന്ത്ര്യാനന്തര കേരളം** ആരോഗ്യ പരിപാലന രംഗത്ത് നേടിയ പുരോഗതി സമാനതകളില്ലാത്തതും ഒരുദേശത്തിന്റെ പുരോഗതിയുടെ സൂചകം അതിന്റെ ആരോഗ്യമുള്ള ജനതയാണ് എന്ന ലക്ഷ്യത്തോടുകൂടി സാർവത്രികവും സൗജന്യവുമായ വിദ്യാഭ്യാസം പോലെ എല്ലാ വിഭാഗങ്ങളിലുംപെട്ട ജനങ്ങൾക്കും മെച്ചപ്പെട്ട ചികിത്സ സൗകര്യം ഉറപ്പാക്കിയാണ് കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ് ആരോഗ്യ രംഗത്ത് നടപടികൾ കൈകൊണ്ടിട്ടുള്ളത്. ലോകമെങ്ങും മരണം വിതച്ച കൊവിഡ് മഹാമാരിയിലും കേരളം പതറാതെ പിടിച്ചു നിന്നത് ആരോഗ്യമേഖലയിൽ നടപ്പാക്കിയ മികവാർന്ന പ്രവർത്തനങ്ങൾ കൊണ്ടാണ്. അങ്ങിനെയാണ് പൊതുജനാരോഗ്യരംഗത്തെ 'കേരള മോഡൽ' വീണ്ടും ചർച്ചയായത്.

ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വലിയ കുതിപ്പാണ് ആരോഗ്യ മേഖലയിൽ പ്രകടമായത്. സർക്കാർ ആരോഗ്യകേന്ദ്രങ്ങളുടെ സ്വീകാര്യത വർദ്ധിപ്പിക്കുന്നതിനും രോഗീസൗഹൃദമാക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി ആരംഭിച്ച 'ആർദ്രം' പദ്ധതി ആരോഗ്യ കേന്ദ്രങ്ങൾക്ക് പുതിയ മുഖം നൽകി. പദ്ധതിയിലൂടെ വിവിധ ഘട്ടങ്ങളിലായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി ഒ. പി. സമയം നീട്ടി, ലാബ്, ഫാർമസി സൗകര്യം ഉറപ്പാക്കി. മെഡിക്കൽ കോളേജുകൾ, ജനറൽ ആശുപത്രികൾ, അമ്മയും കുഞ്ഞും ആശുപത്രികൾ എന്നിവിടങ്ങളിൽ സ്വകാര്യ ആശുപത്രികളെ വെല്ലുന്ന സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്. ഇവിടങ്ങളിൽ നിന്ന് സാമൂഹികമോ സാമ്പത്തികമോ വേർതിരിവുകൾ ഇല്ലാതെ ജനങ്ങൾക്ക് സേവനങ്ങൾ നൽകി വരുന്നു. രോഗത്തിനുള്ള ചികിത്സ എന്നത് പോലെ, നല്ല ആരോഗ്യശീലങ്ങൾ പ്രോത്സാഹിപ്പിച്ച് രോഗം വരാതെ നോക്കുക എന്നതും പ്രധാനമാണ്. കുറഞ്ഞ ചിലവിൽ ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ ഒരുക്കി മെച്ചപ്പെട്ട ആരോഗ്യ സൂചകങ്ങൾ കൈവരിക്കാൻ സാധിച്ചതിനാലാണ് കേരളത്തിലെ ആരോഗ്യ സംവിധാനം ഒരു മാതൃകയായി ലോകമെമ്പാടും അംഗീകരിക്കപ്പെടുന്നത്. കേരളത്തിലെ സാമൂഹിക സാംസ്കാരിക ഘടകങ്ങളും ഈ നേട്ടത്തിന് കാരണമായിട്ടുണ്ട്. ആരോഗ്യത്തോടൊപ്പം ആരോഗ്യ അനുബന്ധ മേഖലയിലെ പ്രശ്നങ്ങൾ കൂടി പരിഹരിച്ചതിലൂടെയാണ് മെച്ചപ്പെട്ട ആരോഗ്യ സൂചകങ്ങൾ നേടാൻ നമ്മുടെ സംസ്ഥാനത്തിന് സാധിച്ചത്. എന്നാൽ നമ്മുടെ ആരോഗ്യ മേഖല ഇന്ന് നേരിടുന്ന വെല്ലുവിളികളെ ശക്തമായി പ്രതിരോധിക്കേണ്ടതുണ്ട്. വർദ്ധിച്ചു വരുന്ന രോഗാതുരത, ജീവിതശൈലീ രോഗങ്ങൾ, ലഹരിയുടെ ഉപയോഗം, മഹാമാരികളും പകർച്ചവ്യാധികളും, പ്രകൃതി ദുരന്തങ്ങളും നേരിടാൻ നമ്മുടെ ആരോഗ്യ മേഖല ശാക്തീകരിക്കേണ്ടത് ഒരു അനിവാര്യതയാണ്. ഇതിനായി പ്രാഥമിക ആരോഗ്യ സംവിധാനങ്ങളെ ശാക്തീകരിക്കുക എന്ന ലക്ഷ്യവുമായാണ് ആർദ്രം മിഷൻ നിലവിൽ വന്നത്. കുറഞ്ഞ സമയത്തിനുള്ളിൽ തന്നെ പ്രാഥമിക ആരോഗ്യ മേഖലയിൽ കാതലായ മാറ്റങ്ങൾ കൊണ്ടു വരാൻ ഇതിലൂടെ സാധിച്ചു. എന്നാൽ ആരോഗ്യ വർദ്ധക, രോഗ പ്രതിരോധ സേവനങ്ങൾ ജനകീയ പങ്കാളിത്തത്തോടെ ഉറപ്പാക്കുക വഴി ആരോഗ്യകരമായ ജീവിതം നയിക്കുവാനായി ജനങ്ങളെ പ്രാപ്തരാക്കി സമൂഹത്തിലെ രോഗാതുരത കുറയ്ക്കുവാനായി ഉപകേന്ദ്രങ്ങളെ കൂടി ശാക്തീകരിക്കേണ്ടതുണ്ട്.

കേരളത്തിലെ ആരോഗ്യ ഉപകേന്ദ്രങ്ങൾ കേന്ദ്രീകരിച്ചു പ്രദേശത്തെ ജനങ്ങളുടെ സജീവ പങ്കാളിത്തത്തോടെ എല്ലാവർക്കും ആരോഗ്യത്തോടെ ജീവിക്കാൻ സഹായകമായ ആരോഗ്യദായക പ്രവർത്തനങ്ങൾ നടത്തി രോഗാതുരത കുറയ്ക്കുക എന്നതാണ് നമ്മുടെ നയസമീപനം. ആരോഗ്യവർദ്ധക സേവനങ്ങൾ, രോഗ പ്രതിരോധം, രോഗ നിരീക്ഷണം, രോഗ നിയന്ത്രണം, മാതൃ-ശിശു ആരോഗ്യം മുതലായ മേഖലകളിലെ ഇടപെടലുകളുടെ ഒരു കേന്ദ്രബിന്ദുവായി ആരോഗ്യ ഉപകേന്ദ്രങ്ങളെ മാറ്റുന്നതിനും അവയെ ജനകീയ ആരോഗ്യ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ പ്രാപ്തമാക്കുന്ന രീതിയിൽ കാലാനുസൃതമായി ശാക്തീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

ഓരോ വ്യക്തിയും ആരോഗ്യത്തോടെ ജീവിക്കുന്നു എന്ന് ഉറപ്പു വരുത്താനുള്ള ഉത്തരവാദിത്തം സമൂഹം ഒറ്റക്കെട്ടായി ഏറ്റെടുക്കേണ്ടതുണ്ട്. ആരോഗ്യകരമായ ഭക്ഷണ ശീലങ്ങൾ, വ്യായാമം മുതലായ ആരോഗ്യദായക ശീലങ്ങൾ അനുവർത്തിക്കുന്ന ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിലൂടെ മാത്രമേ രോഗാതുരത കുറയ്ക്കാൻ സാധിക്കുകയുള്ളൂ. ഇത്തരം പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തിയാക്കാൻ ജനപങ്കാളിത്തം ആവശ്യമാണ്. പൊതുജനാരോഗ്യ മേഖലയിൽ ജനപങ്കാളിത്തത്തോടെ പ്രവർത്തനങ്ങൾ നടത്തുന്നതിനായി സംസ്ഥാനത്തെ എല്ലാ ഉപകേന്ദ്രങ്ങളേയും ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ ആയി ഉയർത്തിയത് ഈ സാഹചര്യത്തിലാണ്.

പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ ജില്ലാ ആശുപത്രികൾ വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിനായി 1996 ൽ ഇടതുമുന്നണി സർക്കാർ കേരളത്തിൽ നടപ്പാക്കിയ ജനകീയസൂത്രണ പ്രസ്ഥാനം ആരോഗ്യമേഖലക്ക് കരുത്ത് പകർന്നു. ഗുരുതരമല്ലാത്ത രോഗങ്ങളുള്ളവർക്ക് അവരുടെ പ്രദേശത്ത് തന്നെയുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ ചെന്ന് ചികിത്സ നേടാൻ സാധിച്ചു. ഇത് സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് വലിയ ആശ്വാസമായി. കൂടാതെ ജനപിന്തുണയോട് കൂടിയും തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതവും ഉപയോഗിച്ച് ആരോഗ്യകേന്ദ്രങ്ങൾ മെച്ചപ്പെടുത്താനായി. അധികാര വികേന്ദ്രീകരണം താഴെത്തട്ടിലുള്ള ആരോഗ്യ സംവിധാനങ്ങളിലും രോഗപ്രതിരോധ രംഗത്തും പ്രകടമായ മാറ്റങ്ങൾ കൊണ്ടുവന്നു. സൗജന്യമായി മികച്ച ചികിത്സയും മരുന്നും ലാബ് സൗകര്യവും ഡയലാസിസ് സൗകര്യങ്ങളും ലഭ്യമായപ്പോൾ സർക്കാർ ആരോഗ്യകേന്ദ്രങ്ങളിൽ എത്തിച്ചേരുന്നവരുടെ എണ്ണവും കൂടി വന്നു. കയ്യിൽ പണമുള്ളവർക്ക് മാത്രം ചികിത്സ ലഭ്യമായിരുന്ന അവസ്ഥ മാറി. ആരോഗ്യകേന്ദ്രങ്ങളിൽ നടപ്പാക്കിയ ഇത്തരം സൗകര്യങ്ങളിലൂടെ കൊവിഡിനെ പോലും തദ്ദേശമായി പിടിച്ചു കെട്ടാൻ കേരളത്തിന് സാധിച്ചു. ജീവിതശൈലീ രോഗങ്ങളെയും മറ്റു പകർച്ചാവ്യധികളെയും പ്രതിരോധിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളാണ് ഇപ്പോൾ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ നടത്തിവരുന്നത്.

ജനകീയ ആരോഗ്യ കേന്ദ്രങ്ങളും ആർദ്രം മിഷനും സമഗ്ര പ്രാഥമിക ആരോഗ്യ പരിരക്ഷ താഴെ തട്ടിൽ എത്തിക്കുക എന്നതാണ് ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ ലക്ഷ്യം. ഇതിനായി ആർദ്രം മിഷനിലൂടെ ആരോഗ്യ ഉപകേന്ദ്രങ്ങളെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തി നവീകരിച്ച് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും ജനസൗഹൃദ സ്ഥാപനങ്ങളായി മാറ്റുകയും ചെയ്യുന്നു. ആർദ്രം മിഷൻ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായ വാർഷിക ആരോഗ്യ പരിശോധന, അർബുദ നിയന്ത്രണ പദ്ധതി, ഹെൽത്തി ലൈഫ് ക്യാമ്പയിൻ, വയോജന-സാന്ത്വന പരിചരണ പരിപാടി, രോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ, ഏകാരോഗ്യം എന്നീ പദ്ധതികളുടെ പ്രവർത്തനങ്ങൾ താഴെ തട്ടിൽ നടപ്പിലാക്കേണ്ടത് ജനകീയ ആരോഗ്യ കേന്ദ്രങ്ങളാണ്. ആർദ്രം മിഷൻ വിഭാവനം ചെയ്യുന്ന ആരോഗ്യ-ആരോഗ്യ അനുബന്ധ മേഖലയിലെ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെ ഏകോപനവും സംയോജനവും വഴി ജനപങ്കാളിത്തത്തോടെയാണ് നടപ്പിലാക്കുന്നത്. ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളുടെ ശാക്തീകരണത്തിനായി സബ്സെന്റർ വെൽഫയർ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഫിക്സഡ് സൈറ്റ്/ ഫിക്സഡ് സെഷൻ ക്ലിനിക്കുകൾവഴി സാധാരണ ജനങ്ങൾക്ക് അരികിലേക്ക് പ്രാഥമികാരോഗ്യ സേവനങ്ങൾ എത്തിക്കുവാൻ സാധിക്കും. ചികിത്സ ചെലവ് കുറക്കുവാൻ ലക്ഷ്യമിട്ട് എം എൽ എസ് പി നഴ്സുമാരുടെ സേവനവും ഉറപ്പു വരുത്തും. ജീവിതശൈലീ രോഗ സ്ക്രീനിംഗ്, ഹെൽത്തി ലൈഫ് ക്യാമ്പയിൻ, ഏകാരോഗ്യം ക്യാമ്പയിനുകൾ വഴി രോഗാതുരത കുറക്കാൻ സാധിക്കുന്നു.

## ഉപകേന്ദ്രങ്ങളും ജനകീയ ആരോഗ്യ കേന്ദ്രങ്ങളും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ

മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾഒരുക്കി ഉപകേന്ദ്രങ്ങളെ ജനസൗഹൃദ സ്ഥാപനങ്ങളാക്കുന്നു.

ആഴ്ചയിൽ ആറു ദിവസവും രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ സേവനങ്ങൾ നൽകുന്ന സ്ഥാപനങ്ങളായി ഉപകേന്ദ്രങ്ങൾ മാറുന്നു. രാവിലെ 9 മണി മുതൽ ഒരു മണി വരെയുള്ള സമയം ഫീൽഡ് തല ക്ലിനിക്കുകളും ഉച്ചയ്ക്ക് രണ്ടു മണി മുതൽ നാലു മണി വരെയുള്ള സമയം സ്ഥാപന തല ക്ലിനിക്കുകളും പ്രവർത്തിക്കുന്നു.

ജെ എച്ച് ഐ, ജെ പി എച്ച് എൻ, ആശ പ്രവർത്തകർ എന്നിവർക്ക് പുറമേ മിഡ് ലെവൽ സർവീസ് പ്രൊവൈഡർ കൂടി വരുന്നതോടെ കൂടുതൽ സേവനങ്ങൾ ഉപകേന്ദ്രങ്ങൾ വഴി നൽകാൻ സാധിക്കും. എം എൽ എസ് പി വഴി ക്ലിനിക്കൽ സേവനങ്ങൾ കൂടി ഉപകേന്ദ്ര തലത്തിൽ നൽകുന്നു. ജെ എച്ച് ഐ, ജെ പി എച്ച് എൻ, എം എൽ എസ് പി, ആശ പ്രവർത്തകർ എന്നിവർ ഒരു ടീമായി സേവനങ്ങൾ ഏകോപിപിക്കുന്നു. ഇത് വഴി സേവനങ്ങൾ മുടങ്ങാതെ നൽകുവാൻ സാധിക്കുന്നു.

ഉപകേന്ദ്രങ്ങൾസ്മാർട്ട് ആകുന്നു. എല്ലാ ജനകീയ ആരോഗ്യകേന്ദ്രങ്ങളിലും കമ്പ്യൂട്ടർ, പ്രിന്റർ, ഇന്റർനെറ്റ് സേവങ്ങൾ ലഭ്യമാക്കും. ഇത് വഴി ടെലിമെഡിസിൻ പോലുള്ള ഓൺലൈൻ സേവനങ്ങളും നൽകാൻ സാധിക്കും. ഫീൽഡ് തല ക്ലിനിക്കുകൾ വഴി സേവനങ്ങൾ ജനങ്ങൾക്ക് അരികിലേക്ക് നൽകുന്നു.

സേവനങ്ങളിലും പ്രവർത്തനങ്ങളിലും പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നു.

ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ 9 ലാബ് പ



രിശോധനകൾ, 36 മരുന്നുകൾ അടക്കമുള്ള സേവനങ്ങൾ നൽകുന്നു.

പ്രഥമ ശുശ്രൂഷ, ആശുപത്രികളിൽ നിന്നും ഡിസ്ചാർജ് ആകുന്ന രോഗികളുടെ തുടർ പരിചരണം, ജീവിതശൈലീ രോഗ സാദ്ധ്യത കണ്ടെത്തൽ, രോഗനിർണ്ണയം, ശ്വാസകോശരോഗസാധ്യത കണ്ടെത്തൽ, ജീവിതശൈലീ രോഗ സങ്കീർണത സാധ്യത കണ്ടെത്തലും നിർണയവും, പല്ല്, ചെവി, കണ്ണ് രോഗങ്ങളുടെ വിലയിരുത്തലും പരിഹാര നിർദ്ദേശങ്ങളും, സമ്പൂർണ്ണ മാനസിക ആരോഗ്യം, സാന്ത്വന പരിചരണം, അർബുദ ചികിത്സ - തുടർചികിത്സ മാർഗനിർദേശങ്ങൾ, റഫറൽ സേവനങ്ങൾ എന്നി ക്ലിനിക്കൽ സേവനങ്ങൾ കൂടി നൽകുവാൻ സാധിക്കുന്നു.



ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ സേവനങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുക വഴി ജനങ്ങൾക്ക് ആരോഗ്യ ആവശ്യങ്ങൾക്ക് വേണ്ടി സമീപിക്കാവുന്ന ആദ്യത്തെ 'പോയിന്റ് ഓഫ് കോൺടാക്ട്' ആയി ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ മാറുന്നു. ഡോക്ടറുടെ സേവനം ആവശ്യമല്ലാത്ത മെഡിക്കൽ ആവശ്യങ്ങൾക്കായി ജനകീയ ആരോഗ്യ കേന്ദ്രങ്ങളെ സമീപിക്കുന്നത് പരമാവധി പ്രോത്സാഹിപ്പിക്കുക വഴി കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ തിരക്ക് കുറയ്ക്കാനാകും. സർക്കാരിൽ നിന്ന് ലഭിക്കുന്ന ആരോഗ്യ സേവനങ്ങളെക്കുറിച്ച് ജനങ്ങൾക്ക് അറിവ് നൽകാനും ജനകീയ ആരോഗ്യ കേന്ദ്രങ്ങൾക്ക് സാധിക്കണം. ക്ഷേമ പെൻഷനുകളുടെ ഫോമുകൾ പൂരിപ്പിക്കുന്നതിനും അത് ലഭിക്കാൻ ആവശ്യമായ സഹായങ്ങൾ നൽകുന്നതിനും ജനകീയ ആരോഗ്യ കേന്ദ്രങ്ങൾവഴി സാധിക്കണം. ഇത്തരം വിഷയങ്ങളിൽ താല്പര്യമുള്ള വ്യക്തികളുടെ ഒരു കൂട്ടായ്മ സൃഷ്ടിക്കുകയും ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പുകളെ സമീപിച്ച് സംശയനിവാരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യും.

### ജനകീയ ആരോഗ്യ ക്ലബ്ബുകൾ

ജനകീയ ആരോഗ്യ കേന്ദ്രങ്ങളോടനുബന്ധിച്ച് ജനകീയ ആരോഗ്യ ക്ലബ്ബുകൾ രൂപീകരിക്കും. ജീവിതശൈലീ രോഗ നിയന്ത്രണം, വയോജന ആരോഗ്യം, കൗമാര ആരോഗ്യം, ബോധവൽക്കരണ പ്രവർത്തനങ്ങൾ, മാനസിക ഉല്ലാസം, വ്യായാമം, യോഗ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്താം. ജനകീയ ആരോഗ്യ കേന്ദ്രത്തിന്റെ പരിധിയിലുള്ള മുഴുവൻ ജനങ്ങൾക്കും ആവശ്യമായ രോഗപ്രതിരോധ, ആരോഗ്യ വർദ്ധക സേവനങ്ങൾ, പ്രാഥമിക ചികിത്സ, പുനരധിവാസ സേവനങ്ങൾ, സാന്ത്വന പരിചരണം എന്നിവ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ ജനകീയ ആരോഗ്യ ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്തണം.

ഒരു ജനകീയ ആരോഗ്യ കേന്ദ്രത്തിന് ഒരു ജനകീയ ആരോഗ്യ ക്ലബ് എന്ന രീതിയിലാണ് രൂപം നൽകുന്നത്. സബ് സെന്റർ വെൽഫെയർ കമ്മിറ്റിയുടെ നേതൃത്വത്തിൽ ജനകീയ ആരോഗ്യ ക്ലബ് പ്രവർത്തിക്കണം. ജനകീയ ആരോഗ്യ കേന്ദ്രത്തിന്റെ പരിധിയിലുള്ള വാർഡ് മെമ്പർമാർ രക്ഷാധികാരികളായും, ജനകീയ ആരോഗ്യ കേന്ദ്രത്തിലെ ജെപിഎച്ച്എൻ/ ജെഎച്ച്ഐ/എംഎൽഎസ്പി എന്നിവർ കൺവീനർമാരായുമാണ് ജനകീയ ആരോഗ്യ ക്ലബ്ബുകൾ രൂപീകരിക്കേണ്ടത്. ജനകീയ ആരോഗ്യ കേന്ദ്രപരിധിയിലെ ആശാ പ്രവർത്തകർ, അംഗൻവാടി ടീച്ചർമാർ, എ ഡി എസ് ചെയർമാൻമാർ എന്നിവർ അംഗങ്ങളായിരിക്കും. എല്ലാ വാർഡുകളിൽ നിന്നും ജനകീയ ആരോഗ്യ പ്രവർത്തനങ്ങളിൽ താല്പര്യമുള്ള മൂന്ന് പേരെ വീതം വീതം വാർഡ് ടീം തിരഞ്ഞെടുത്ത് ജനകീയ ആരോഗ്യ ക്ലബ്ബിന്റെ ഭാഗമാക്കണം. പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഈ അംഗങ്ങളെ ആവശ്യമുള്ള സന്ദർഭങ്ങളിൽ മാറ്റാവുന്നതാണ്.

ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾജനകീയ പങ്കാളിത്തത്തോടു കൂടി സംഘടിപ്പിക്കുക എന്നതാണ് ക്ലബ്ബിന്റെ പ്രധാന ലക്ഷ്യം.ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പരിധിയിലുള്ള മുഴുവൻ ജനങ്ങളുടെയും ആരോഗ്യ അവസ്ഥ പരിശോധിച്ചു രോഗങ്ങൾ ഉള്ളവരുടെയും രോഗ സാധ്യതയുള്ളവരുടെയും ലിസ്റ്റ് തയ്യാറാക്കി രോഗ സാധ്യതയുള്ളവർക്ക് രോഗനിർണ്ണയം നടത്താൻ വേണ്ടി സ്ക്രീനിങ് പ്രോഗ്രാമുകൾ സംഘടിപ്പിക്കും. ഇതിന്റെ അടിസ്ഥാനത്തിൽ വേണ്ട പ്രതിരോധ പ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കും.

പൊതുജനങ്ങളുടെ വ്യായാമ ശീലം കൂട്ടുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. നടത്തം, വിനോദങ്ങൾ, യോഗ, ജിം, സൈക്ലിംഗ്, നീന്തൽ തുടങ്ങിയവയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തുകയും പൊതുജന പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യുന്നു. പൊതുജനങ്ങളുടെ ആഹാരശീലം ആരോഗ്യകരമാക്കുന്നതിനുള്ള ഇടപെടലുകൾ നടത്തും. ആഹാരത്തിൽ ഉപ്പിന്റെ അളവ് കുറയ്ക്കൽ, ഹെൽത്ത് പ്ലേറ്റിന്റെ പ്രചരണം, പഴങ്ങളും പച്ചക്കറികളും ഭക്ഷണത്തിൽ ഉൾപ്പെടുത്തൽ, പ്രാദേശികമായി ഇവ കൃഷി ചെയ്യുന്നതിനുള്ള പ്രോത്സാഹനം നൽകാൻ സാധിക്കും. ലഹരി ഉപയോഗത്തിന് എതിരായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കും. രോഗം മൂലവും മറ്റു പ്രശ്നങ്ങൾ മൂലവും പ്രയാസപ്പെടുന്നവർക്ക് മാനസിക സാമൂഹിക പിന്തുണ ഉറപ്പാക്കുന്നതിനുള്ള ഇടപെടലുകൾ നടത്തും. ജീവിത ശൈലി രോഗ ബാധിതരിൽ ആരോഗ്യകരമായ ജീവിതശൈലി രൂപപ്പെടുത്താനുള്ള പിന്തുണ സഹായികളെ കണ്ടെത്തുക. ജീവിതശൈലി രോഗ അവബോധ ക്ലാസ്സുകൾ നടത്തും. അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾനടത്തി ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ശാസ്ത്രീയമായ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ജനങ്ങളെ പഠിപ്പിക്കുകയും അതിനു വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യും. ജനകീയ ആരോഗ്യ കേന്ദ്ര പരിധിയിലുള്ള സ്കൂളുകളുമായി ബന്ധപ്പെട്ട ആരോഗ്യ ക്ലബ്ബുകൾ സജീവമാക്കും. സാന്ത്വന പരിചരണം സ്വീകരിക്കുന്നവർക്കും അതിദരിദ്രർക്കും ഭക്ഷണം, മരുന്ന്, കുടുംബത്തിന്റെ സുരക്ഷ, സാമൂഹിക പിന്തുണാ സൗകര്യം എന്നിവ ലഭ്യമാക്കും.

> **നടത്തം, വിനോദങ്ങൾ, യോഗ, ജിം, സൈക്ലിംഗ്, നീന്തൽ തുടങ്ങിയവയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തുകയും പൊതുജന പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യുന്നു**

# ആരോഗ്യമേഖലയിൽ വയനാടിനെ സ്വയം പര്യാപ്തമാക്കും: മന്ത്രി വീണാ ജോർജ്



മുണ്ടേരി അർബൻ പോളി ക്ലിനിക്കിന്റെ ശിലാഫലകം ആരോഗ്യമന്ത്രി വീണാ ജോർജ് അനാച്ഛാദനം ചെയ്യുന്നു

**കൽപ്പറ്റ:** ആരോഗ്യ മേഖലയിൽ വയനാടിനെ സ്വയംപര്യാപ്തമാക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. കൽപ്പറ്റ ജനറൽ ആശുപത്രിയിൽ ഇ - ഹെൽത്ത് സംവിധാനം, ഡയബറ്റിക് റെറ്റിനോപ്പതി ക്ലിനിക് സേവനം, മുണ്ടേരി അർബൻ പോളി ക്ലിനിക് എന്നിവ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

രാജ്യത്ത് ഇ - ഹെൽത്ത് സംവിധാനം വന്ന സംസ്ഥാനങ്ങളിൽ ഒന്നാമതാണ് കേരളം. ആശുപത്രികളിൽ പേപ്പർ ലെസ് സംവിധാനത്തിലൂടെ ഒ.പി ടിക്കറ്റ് ഓൺലൈനിലൂടെയും ലാബ് റിസൾട്ട് ഫോണിലൂടെയും ലഭിക്കും. ജീവിത ശൈലീ രോഗങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ അവയ്ക്ക് മികച്ച ചികിത്സ ഉറപ്പാക്കുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ ഒരുക്കുന്നതിനുമായി വന്ന ഡയബറ്റിക് റെറ്റിനോപ്പതി ക്ലിനിക് സേവനം പ്രധാന പദ്ധതിയാണ്. മുണ്ടേരി അർബൻ പോളി ക്ലിനിക്കിൽ നിലവിലുള്ള സൗകര്യങ്ങൾ പരിഗണിച്ച് ഘട്ടംഘട്ടമായി 10 ആരോഗ്യ വിദഗ്ധരുടെ സേവനം ലഭ്യമാക്കും. കൽപ്പറ്റ ജനറൽ ആശുപത്രിയിൽ സീവേജ് പ്ലാന്റ് നിർമ്മാണം, ഓക്സിജൻ ജനറേറ്റ് സംവിധാനം, ബ്ലഡ് ബാങ്ക്, അത്യാഹിത വിഭാഗം, അനുബന്ധ വികസനത്തിനും പദ്ധതികൾ നടപ്പിലാക്കുമെന്നും മന്ത്രി പറഞ്ഞു.

ജനറൽ ആശുപത്രിയിലെ ക്രിട്ടിക്കൽ കെയർ ബ്ലോക്ക് പദ്ധതിയുടെ പ്രഖ്യാപനവും മന്ത്രി വീണാ ജോർജ് നടത്തി. പ്രധാനമന്ത്രി ആയുഷ്മാൻ ഭാരത് ഹെൽത്ത് ഇൻഫ്രാസ്ട്രക്ചർ മിഷന്റെ ഭാഗമായാണ് കൽപ്പറ്റ ജനറൽ ആശുപത്രിയിൽ ക്രിട്ടിക്കൽ കെയർ ബ്ലോക്ക് നിർമ്മിക്കുന്നത്. 50 കിടക്കകൾ ഉൾക്കൊള്ളുന്ന ബ്ലോക്കിന് 23.75 കോടി രൂപയുടെ അനുമതിയാണ് ലഭ്യമായിട്ടുള്ളത്.

സുൽത്താൻ ബത്തേരി ഗവ. താലൂക്ക് ആശുപത്രിയിൽ നിർമ്മാണം പൂർത്തീകരിച്ച വിവിധ പദ്ധതികളുടെ ഉദ്ഘാടനവും ആരോഗ്യമന്ത്രി നിർവ്വഹിച്ചു. സൗര ആശുപത്രി പദ്ധതി - സോളാർ പ്ലാന്റ്, ഓക്സിജൻ ജനറേഷൻ പ്ലാന്റ്, കാഷ്വാലിറ്റി ബ്ലോക്ക്, ഓപ്പറേഷൻ തിയേറ്റർ, ലിഫ്റ്റുകൾ, പെയിൻ ആന്റ് പാലിയേറ്റീവ് ജില്ലാ ട്രെയിനിംഗ് സെന്റർ, ക്യാൻസർ കീമോതെറാപ്പി യൂണിറ്റ്, ഭിന്നശേഷി കുട്ടികളുടെ ഫിസിയോതെറാപ്പി യൂണിറ്റ്, റിങ് റോഡ്, ലിക്വിഡ് മെഡിക്കൽ ഓക്സിജൻ പ്ലാന്റ്, വേങ്ങൂർ അർബൻ പി.എച്ച്.എസ്.സി പോളിക്ലിനിക് പദ്ധതി എന്നിവയാണ് നാടിന് സമർപ്പിച്ചത്.

### കൽപ്പറ്റ ജനറൽ ആശുപത്രിയിൽ ഇ – ഹെൽത്ത് സംവിധാനം

ആരോഗ്യമേഖലയിൽ വിവരസങ്കേതിക രംഗത്തെ പുരോഗതിക്ക് അനുസൃതമായി പൊതുജനാരോഗ്യരംഗം രോഗികൾക്കും സമൂഹത്തിനും ഗുണകരമായി മാറും എന്നതാണ് ഇ - ഹെൽത്ത് കേരള പദ്ധതിയുടെ സവിശേഷത. ഇ - ഹെൽത്ത് സേവനങ്ങൾ സൗകര്യപ്രദമായി ലഭിക്കുന്നതിന് ആധാർ കാർഡ് ഇ - ഹെൽത്ത് സംവിധാനത്തിൽ രജിസ്റ്റർ ചെയ്യണം. ഓരോ പൗരന്റെയും ചികിത്സാ രേഖകൾ ഒരു കേന്ദ്രീകൃത ഡേറ്റാബേസിൽ ലഭ്യമാക്കുക വഴി എല്ലാ സർക്കാർ അലോപ്പതി ആരോഗ്യ ചികിത്സാ സ്ഥാപനങ്ങളിലും തടസ്സമില്ലാതെ തുടർചികിത്സ ഉറപ്പാക്കാൻ സാധിക്കും. കേന്ദ്ര സർക്കാരിന്റെ ആരോഗ്യ കുടംബക്ഷേമ മന്ത്രാലയം അനുശാസിക്കുന്ന ഇലക്ട്രോണിക് മെഡിക്കൽ റെക്കോർഡ്സ് സ്റ്റാൻഡേർഡുകൾ പൂർണ്ണമായും ഉൾപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. ആയിരക്കണക്കിന് മരുന്നുകളെയും ആരോഗ്യ രംഗത്തെ പ്രവർത്തനത്തിന് ആവശ്യമായ ചെറുതും വലുതുമായ ഉപകരണങ്ങളെയും അന്താരാഷ്ട്ര കോഡിംഗ് സിസ്റ്റത്തിലേക്ക് മാറ്റി സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വൈദ്യ ശാസ്ത്ര ഗവേഷണം, ആശുപത്രികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, ആരോഗ സംരക്ഷണ നയപരിപാടികളുടെ രൂപവത്കരണം, പകർച്ചവ്യാധി നിയന്ത്രണം തുടങ്ങിയ മേഖലകളിൽ സമഗ്രമായ പുരോഗതിക്ക് സഹായകമാകുന്നതാണ് ഈ പദ്ധതി.

കാഴ്ചയ്ക്ക് പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന തരത്തിൽ റെറ്റിന തകരാറിലാകുന്ന ഡയബറ്റിക് റെറ്റിനോപ്പതി എന്ന പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി ഡയബറ്റിക് റെറ്റിനോപ്പതി ക്ലിനിക് ജില്ലയിലെ ആരോഗ്യ ചികിത്സാ രംഗത്ത് വിപ്ലവമാകും. ആരോഗ്യ മേഖലയിൽ വിവര സാങ്കേതിക വിദ്യയുടെ സാധ്യത പരിചയപ്പെടുത്തി കൊണ്ട് സാധാരണക്കാരും തോട്ടം തൊഴിലാളികളും ഏറെ ആശ്രയിക്കുന്ന ജനറൽ ആശുപത്രിയിൽ ഇ - ഹെൽത്ത്, ഡയബറ്റിക് റെറ്റിനോപ്പതി എന്നീ പദ്ധതികൾ ഏറെ പ്രയോജനകരമാകും.




# ജനകീയ ആരോഗ്യ ക്ലബുകൾ പ്രവർത്തനം തുടങ്ങി



**കാസർഗോഡ്:** നവകേരള കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന ആരോഗ്യ കേന്ദ്രങ്ങളായ കുടുംബ ക്ഷേമ ഉപകേന്ദ്രങ്ങളെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി പൊതുജനാരോഗ്യമേഖലയിൽ വലിയൊരു വിപ്ലവം സൃഷ്ടിച്ചിരിക്കുകയാണ്. ജില്ലയിൽ ഇതിന്റെ ഭാഗമായി ആദ്യഘട്ടമെന്നോണം പുത്തിഗെ ഗ്രാമപഞ്ചായത്തിലെ ധർമ്മത്തടുക്ക, മൊഗ്രാൽ പുത്തൂരിലെ എരിയാൽ, ഉദുമയിലെ മാങ്ങാട്, അജാനൂരിലെ കൊളവയൽ, നീലേശ്വരം മുൻസിപ്പാലിറ്റിയിലെ നീലേശ്വരം, കാറഡുക്ക പഞ്ചായത്തിലെ കർമ്മംതൊടി എന്നീ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ സജ്ജമായിരിക്കുകയാണ്. ജനകീയ ആരോഗ്യകേന്ദ്രങ്ങൾ വരുമ്പോൾ ജനകീയ ക്ലബ്ബുകളും പ്രാധാന്യമർഹിക്കുന്നുണ്ട്. ജില്ലയിൽ ജനകീയ ആരോഗ്യകേന്ദ്രങ്ങൾ പ്രവർത്തനം തുടങ്ങി.

ഒരു ജനകീയ ആരോഗ്യ കേന്ദ്രത്തിന് ഒരു ജനകീയ ആരോഗ്യ ക്ലബ് എന്ന രീതിയിലാണ് നടപ്പാക്കുന്നത്. ജീവിത ശൈലീ രോഗ പ്രതിരോധത്തിന് അനിവാര്യമാണ് ദിവസേനയുള്ള വ്യായാമങ്ങൾ. ഇതിന് സാഹചര്യവും സൗകര്യവും ഒരുക്കുകയാണ് ഈ ക്ലബുകളുടെ ഉദ്ദേശം. ഇതിന്റെ ഭാഗമായി ജില്ലാതലത്തിൽ ആദ്യ ഘട്ടത്തിൽ ഉദ്ഘാടനം ചെയ്ത ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ പൊതുജനങ്ങൾക്ക് വ്യായാമത്തിനായി ഇതിനോടകം സൈക്കിൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ദേശീയ ആരോഗ്യ ദൗത്യം ആർ ഓ പി, എൻ സി ഡി ഫണ്ടിലൂടെ വിവധ തരത്തിലുള്ള ഇൻഡോർ, ഔട്ട്ഡോർ ജിം വ്യായാമ സാമഗ്രികൾ നൽകുകയും ചെയ്തു.

ജനകീയ ആരോഗ്യ കേന്ദ്രത്തിന്റെ പരിധിയിലുള്ള വാർഡ് മെമ്പർമാർ രക്ഷാധികാരികളായും ജനകീയ ആരോഗ്യ കേന്ദ്രത്തിലെ ജെപിഎച്ച്എൻ/ ജെഎച്ച്ഐ/ എം.എൽ.എസ്.പി എന്നിവർ കൺവീനർമാരായുമാണ് ജനകീയ ആരോഗ്യ ക്ലബുകൾ രൂപീകരിക്കുന്നത്.

**ജനകീയ ആരോഗ്യ ക്ലബുകളുടെ ലക്ഷ്യങ്ങൾ**

ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പരിധിയിലുള്ള മുഴുവൻ ജനങ്ങളുടെയും ആരോഗ്യ അവസ്ഥ പരിശോധിച്ച് രോഗങ്ങൾ ഉള്ളവരുടെയും രോഗ സാധ്യത ഉള്ളവരുടെയും ലിസ്റ്റ് തയ്യാറാക്കണം. രോഗസാധ്യതയുള്ളവർക്ക് രോഗനിർണയം നടത്താൻ വേണ്ടി സ്ക്രീനിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിക്കണം. ഇതിന്റെ അടിസ്ഥാനത്തിൽ വേണ്ട പ്രതിരോധ പ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കും.

പൊതുജനങ്ങളുടെ വ്യായാമ ശീലം കൂട്ടുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. നടത്തം, കളികൾ, യോഗ, ജിം, സൈക്ലിംഗ്, നീന്തൽ തുടങ്ങിയവയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തുകയും പൊതുജന പങ്കാളിത്തം ഉറപ്പിക്കുകയും ചെയ്യുന്നു.

1. പൊതുജനങ്ങളുടെ ആഹാര ശീലം ആരോഗ്യകരമാക്കുതിനുള്ള ഇടപെടലുകൾ നടത്തുക.
2. രോഗം മൂലവും മറ്റ് പ്രശ്നങ്ങൾ മൂലവും പ്രയാസപ്പെടുവർക്ക് മാനസിക സാമൂഹിക പിന്തുണ ഉറപ്പിക്കുതിനുള്ള ഇടപെടലുകൾ
നടത്തുക.
3. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ
4. സ്കൂളുകളുമായി ബന്ധപ്പെട്ട ആരോഗ്യ ക്ലബുകൾ സജീവമാക്കുക.

# ആരോഗ്യഗ്രാമമാകാൻ ഒരുങ്ങി കാപ്പിക്കുന്ന്; സമ്പൂർണ ആരോഗ്യ പരിരക്ഷ ഉറപ്പാക്കും




ആർദ്രം ആരോഗ്യ ഗ്രാമം പദ്ധതി പ്രഖ്യാപനം മീനങ്ങാടി അപ്പാട് ജനകീയ ആരോഗ്യകേന്ദ്രത്തിൽ വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സംഷാദ് മരക്കാർ നിർവഹിക്കുന്നു

**കൽപ്പറ്റ:** സംസ്ഥാനത്തെ ആദ്യ ആരോഗ്യഗ്രാമമാകാൻ ഒരുങ്ങി വയനാട് മീനങ്ങാടി ഗ്രാമപഞ്ചായത്തിലെ കാപ്പിക്കുന്ന്. മീനങ്ങാടി അപ്പാട് ജനകീയ ആരോഗ്യകേന്ദ്രത്തിൽ നടന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സംഷാദ് മരക്കാർ ഗ്രാമപഞ്ചായത്തിലെ 17ാം വാർഡ് കാപ്പിക്കുന്നിനെ ആരോഗ്യ ഗ്രാമമായി മാറ്റാനുള്ള പദ്ധതി പ്രഖ്യാപനം നടത്തി. നവജാത ശിശുക്കൾ മുതൽ കിടപ്പുരോഗികൾ വരെയുള്ളവരുടെ ശാരീരിക-സാമൂഹിക-മാനസിക സുസ്ഥിതി ഉറപ്പാക്കി ഗ്രാമത്തിലെ മുഴുവൻ പേർക്കും ക്ഷേമം ഉറപ്പുവരുത്തുന്ന ആരോഗ്യവകുപ്പിന്റെ പദ്ധതിയാണ് ആർദ്രം ആരോഗ്യ ഗ്രാമം. മീനങ്ങാടി ഗ്രാമപഞ്ചായത്തിന്റെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

ദാരിദ്ര്യ നിർമാർജനം, പച്ചക്കറി സ്വയംപര്യാപ്തത, പ്രാഥമിക ചികിത്സ എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണവും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. സമഗ്ര പ്രാഥമികാരോഗ്യ സേവനങ്ങൾ, മാലിന്യ പരിപാലനം, കുടിവെള്ള സുരക്ഷിതത്വം, 60 വയസ്സിന് മുകളിലുള്ള മുഴുവൻ പേർക്കും സേവനങ്ങൾ എന്നിവ വാർഡിൽ ഉറപ്പുവരുത്തും. സ്ത്രീ സുരക്ഷയ്ക്കും പ്രാധാന്യം നൽകും. ഒരു വീടിന് ഒരു പാലിയേറ്റീവ് വോളന്റിയർ എന്ന നിലയിൽ പാലിയേറ്റീവ് പ്രവർത്തകരുടെ സേവനവും ഗ്രാമത്തിലുണ്ടാകും. കാർബൺ സന്തുലിതാവസ്ഥയും നിലനിർത്തും. വളർത്തുമൃഗങ്ങൾക്ക് 100 ശതമാനം കുത്തിവയ്പ് ഉറപ്പുവരുത്തും. വാർഡിനെ പകർച്ചവ്യാധികൾ പ്രതിരോധിക്കുന്ന ഇടമായി മാറ്റുന്നതിനുള്ള നടപടികളുമുണ്ടാകും. കൗമാരക്കാരുടെ ആരോഗ്യത്തിനും ആരോഗ്യ ഗ്രാമത്തിൽ പ്രാധാന്യം നൽകും. ആരോഗ്യപ്രവർത്തകർ, ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ, വിവിധ വകുപ്പ് ജീവനക്കാർ എന്നിവർ പദ്ധതിയുടെ നടത്തിപ്പിൽ പങ്കാളികളാകും. വിവിധ വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിച്ച് ജനകീയ പങ്കാളിത്തത്തോടെ വാർഡിലെ ആരോഗ്യ, ആരോഗ്യ അനുബന്ധ പ്രശ്നങ്ങളും പരിഹരിക്കും.

മന്ത് രോഗ നിർണയം

# രാത്രികാല രക്ത പരിശോധന ക്യാമ്പ് നടത്തി



**മലപ്പുറം:** മന്ത് രോഗ നിർമ്മാർജന പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിൽ രാത്രകാല രക്ത പരിശോധന കാമ്പിന് തുടക്കമായി. കൊതുകു വഴി പകരുന്ന മന്ത് രോഗം വ്യാപിക്കാനുള്ള അനുകൂല സാഹചര്യങ്ങൾ ജില്ലയിലുള്ളതിനാൽ രാത്രികാല ക്യാമ്പ് നടത്തി രോഗവാഹകരെ കണ്ടെത്തേണ്ടത് അനിവാര്യമാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് ജില്ലാ ആരോഗ്യവകുപ്പ് ക്യാമ്പ് ആരംഭിച്ചത്. മന്ത് രോഗ സാന്നിധ്യമുള്ള മറ്റ് പ്രദേശങ്ങളിൽ നിന്നും ജോലിക്കും മറ്റ് ആവശ്യങ്ങൾക്കുമായി താമസിക്കുന്നവരും യാത്ര ചെയ്യുന്നവരും ജില്ലയിലുണ്ട്. ഇവയെല്ലാം തന്നെ മന്ത് രോഗ വ്യാപനത്തിന് കാരണാകുന്നുണ്ട്.

രാത്രി കാലങ്ങളിൽ എടുക്കുന്ന രക്തത്തിൽ നിന്ന് മാത്രമേ മന്ത് രോഗ നിർണ്ണയം സാധ്യമാകൂ എന്നതിനാലാണ് രാത്രികാല രക്ത പരിശോധന നടത്തുന്നത്. കൈവിരലിൽ നിന്നും എടുക്കുന്ന ഒന്നോ രണ്ടോ തുള്ളി രക്തമാണ് ഇതിനാവശ്യം. ഇതിന്റെ ഭാഗമായി ജില്ലയിലെ പതിനഞ്ച് ഹെൽത്ത് ഹെൽത്ത് ബ്ലോക്കിക്കുകളിലും സ്ക്രീനിങ് നടത്തുന്നുണ്ട്. മൈക്രോ ഫൈലേറിയ വിരകളുടെ സാന്നിധ്യം കണ്ടെത്തുന്നവരിൽ മരുന്ന് നൽകി ബാക്ടീരിയയെ നശിപ്പിക്കുക, മികച്ച ശുശ്രൂഷ നൽകുക എന്നിവയാണ് നിലവിൽ ചെയ്തു വരുന്നത്.

രാതി ഒൻപതിനും വെളുപ്പിന് മൂന്ന് മണിക്കും ഇടയിൽ രക്തം ശേഖരിച്ചു ലബോറട്ടറിയിൽ പരിശോധിച്ചാണ് മൈക്രോ ഫൈലേറിയ ഉള്ളവരെ കണ്ടെത്തുന്നത്. തുടക്കത്തിൽ ബാഹ്യ ലക്ഷണങ്ങൾ പ്രകടമാകുകയില്ല. അതിനാൽ രാത്രി കാല പരിശോധന അനിവാര്യമാണ്.



# അലങ്കാരം ആപത്താകരുത്

## അലങ്കാരച്ചെടികൾ വളർത്തുന്ന പാത്രങ്ങളിലെ വെള്ളം ആഴ്ചയിലൊരിക്കൽ മാറ്റുക

## ജനകീയാരോഗ്യ കേന്ദ്രങ്ങളിലൂടെ...



## ജനകീയാരോഗ്യ കേന്ദ്രങ്ങളിലൂടെ...








